

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നഗരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1134/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നഗരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1134/2024

തീയ്യതി: 08/10/2024

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രേഖ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	10-06-2024	19-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-06-2024	19-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജിജോ ജെ. നായർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്മിത.ഡി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ഷീജ.ആർ.എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി നിയ സെലിൻ വി.ജെ.	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. അലോഷ്യസ്	വെറ്ററിനറി സർജൻ	01-04-2023	31-05-2023
ഡോ. സൈജു എ.വി.	വെറ്ററിനറി സർജൻ	31-05-2023	13-07-2023
ഡോ. എസ്. സുഭാഷ്	വെറ്ററിനറി സർജൻ	14-07-2023	31-03-2024
ഡോ. സരിഗ	മെഡിക്കൽ ഓഫീസർ, PHC	01-04-2023	31-03-2024

ഡോ. ഷീന എ.ബി.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ഡോ. വിദ്യ എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ശ്രീമതി ആര്യ	വി.ഇ.ഒ. സർക്കിൾ 1	01-04-2023	31-03-2024
ശ്രീ. ഹരിശങ്കർ ജെ.എസ്.	വി.ഇ.ഒ. സർക്കിൾ 2	01-04-2023	31-03-2024
ശ്രീമതി ലാലി റ്റി.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി വി.പി. ജയശ്രീ	ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്.	01-04-2023	31-03-2024
ശ്രീമതി കല കെ.എസ്.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. സന്തോഷ് രാജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ. അനിൽകുമാർ .കെ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രിക യ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല	1-1-3
5	2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല	1-1-4
6	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-5
7	പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-1-6
8	പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം	1-1-7
9	പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ നീക്കിയിരിപ്പിൽ വ്യത്യാസം	1-1-8
10	കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല	1-1-9
11	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-10
12	വസ്തു നികുതി : ഡിസിബി പത്രിക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-11

13	സംയുക്ത പ്രോജക്ട് : ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പും B-4 ഷെഡ്യൂളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-12
14	തൊഴിലുറപ്പ് പദ്ധതി	1-1-13
15	അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ	1-1-14
16	ബജറ്റ്	1-2
17	സാമ്പത്തിക നില (രസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)	1-3
18	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
19	ഗ്രാന്റ് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി	1-6-1
22	ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ	1-6
23	ക്യാഷ് ബാലൻസ്	1-7
24	ആഭ്യന്തര നിയന്ത്രണം	1-8
25	തൊഴിലുറപ്പ് പദ്ധതി- അപാകതകൾ	1-9-1
26	വടക്കേക്കോണം പുലിക്കുഴി റോഡ് കോൺക്രീറ്റിംഗ് - അപാകതകൾ	1-9-2
27	തൊഴിലുറപ്പ് പദ്ധതി	1-9
28	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
29	റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.	1-11
30	യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.	1-12
31	കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-13
32	കടമുറികളുടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്	1-14
33	നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്	1-15

34	നികുതി/നികുതിയേതര വരുമാനം-അവലോകനം	1-16
35	സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല	1-17
36	അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി.പി)- പദ്ധതിയിലെ അപാകങ്ങൾ	1-18
37	പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നത്- തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്	1-19
38	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-789517/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-20
39	ഫർണിച്ചർ - പ്രിന്റർ വാങ്ങൽ-സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല	1-21
40	തെരുവു വിളക്ക് പരിപാലനം - അപാകതകൾ	1-22
41	ഹരിതഭവനം -അപാകതകൾ	1-23
42	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി	1-24
43	തരിശു കൃഷി, കേദാരം പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിക്കാതെ ആനുകൂല്യം വിതരണം ചെയ്തു	1-25
44	കേരം-കേരളീയം തെങ്ങ് വളർത്തലും സംരക്ഷണവും - അപാകതകൾ	1-26
45	കണ്ടിജന്റ് ചെലവുകൾ -10000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-27
46	അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ - നടപടി അനിവാര്യം	1-28
47	അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി - വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചു - 138390/- രൂപ തടസ്സപ്പെടുത്തുന്നു.	1-29

48	പ്രൈമറി സ്ക്കൂളുകളിൽ പ്രഭാതഭക്ഷണം- 15120/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.56376/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-30
49	തുടർസാക്ഷരതാ പ്രവർത്തനങ്ങൾ- രണ്ട് ഗുണഭോക്താക്കളുടെ കോഴ്സ് ഫീസ് സാക്ഷരതാമിഷന് അധികമായി നൽകി. 4600/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-31
50	വാട്ടർ അതോറിറ്റി വെള്ളക്കരം -സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-32
51	ആശ്വാസ കിരണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 624000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-33
52	ബയോഡൈവേഴ്സിറ്റി രജിസ്റ്റർ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-34
53	കേരളോത്സവം- മുൻകൂർ ക്രമീകരിച്ചില്ല	1-35
54	വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല 11,282/-രൂപ തടസ്സം ചെയ്യുന്നു.	1-36
55	അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - ആതുര സേവന പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല – 5620/- രൂപ തടസ്സപ്പെടുത്തുന്നു.	1- 37
56	കണ്ടിജന്റ് ചെലവുകൾ: പി എച്ച് സി - 2250/- രൂപ തടസ്സപ്പെടുത്തുന്നു	1-38
57	ഹെൽത്ത് ആന്റ് വെൽനസ് സെന്ററർ സ്ഥാപിക്കൽ 89660/- രൂപ തടസ്സപ്പെടുത്തുന്നു	1-39
58	പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - 571635/- രൂപയുടെ മരുന്ന് ലഭിച്ചില്ല – തുക തടസ്സപ്പെടുത്തുന്നു	1-40
59	കരാർ പ്രകാരമുള്ള പൂർത്തീകരണകാലാവധിയ്ക്കകം പൂർത്തിയാകാത്ത പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല	1-41
60	എം സി എഫ് കെട്ടിടനിർമ്മാണം - സുലേഖ പ്രകാരം അധിക ചെലവ് രേഖപ്പെടുത്തൽ -	1-42

	149400/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.	
61	ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല	1-43
62	ഗ്രാമ സഭ നിശ്ചിത ഇടവേളകളിൽ ചേരുന്നില്ല.	1-44
63	നിർമ്മാണം പൂർത്തീകരിച്ച രാമനെല്ലൂർകോണം എം സി എഫ് -പ്രവർത്തനം ആരംഭിച്ചില്ല	1-45-1
64	എം സി എഫുകളുടെ പ്രവർത്തനം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.	1-45
65	ലൈഫ് വിഹിതം കൈമാറിയത് ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണോ എന്ന് തെളിയിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.	1-46
66	ഭവന പുനരുദ്ധാരണം - ജനറൽ-അപാകങ്ങൾ	1-47
67	ലൈഫ് ഭവന പദ്ധതി – പൊതുവായ അപാകങ്ങൾ	1-48
68	ടേക്ക് എ ബ്രേക്ക്- വഴിയിട വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനമാരംഭിച്ചില്ല	1-49
69	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ	1-50
70	കമ്മറ്റി തീരുമാനങ്ങളിൻ മേലുള്ള തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.	1-51
71	എം എം യു പി എസ് പേരൂരിൽ നിർമ്മിച്ച തുമ്പൂർ മുഴി മോഡൽ മാല്യന്യ സംസ്കരണ സംവിധാനം -കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നില്ല	1-52
72	ആൽത്തറ മൂട് ജംഗ്ഷനിൽ പഴയ എം സി എഫ് പ്രവർത്തിക്കുന്ന ഇടത്തെ സാനിറ്റേഷൻ സൌകര്യങ്ങൾ ഉപയോഗ യോഗ്യമല്ലാത്ത നിലയിൽ	1-53

73	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി -209067/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-54
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പ്രൈമറി സ്ക്കൂളുകളിൽ പ്രഭാതഭക്ഷണം-15120/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.56376/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ	4-1
2	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നഗരൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനു ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31-05-2024 ലെ 1 (1) ാം നമ്പർ കമ്മിറ്റി തീരുമാ അംഗീകരിച്ച് തയ്യാറാക്കി 31.05.2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥ വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസിക കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാരു ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവ വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവ കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നഗരൂർ ഗ്രാമ പഞ്ചായത്തിന വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവു നൽകുന്നു.

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക പത്രിക യ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗ കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷി പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐഎൽജിഎംഎസിൽ നിലവിൽ അക്കൗണ്ടിന്മേലുള്ള കുറിപ്പുക അനുപാതങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ക്രമീകരണമില്ലാത്തതിനാലാണ് അവ വാർഷിക പത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ04/23-24, 11.06.2024)ക്ക് മറു വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്ക് സമർപ്പിച്ചിട്ടില്ല. ഐഎൽജിഎംഎസിൽ ആയത് ലഭ്യമല്ലാത്തതിനാലാണ് അവ വാർഷിക പത്രികയ്ക്കൊപ്പം സമർപ്പിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ക്ക് മറു സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുന്ന മുറയ്ക്ക് ബി-1 ഷെഡ്യൂൾ സമർപ്പിക്കുന്നതിന സ്വീകരിക്കേണ്ടതാണ്.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings	42301538/31.03.2024
110100102	Property Tax On Non Residential	42301539/31.03.2024
110200101	Profession Tax - Institutions	42301533/31.03.2024
110200105	Profession Tax - Traders	42301534/31.03.2024

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ക അടിസ്ഥാനത്തിൽ ചെയ്യേണ്ട വരുമാനങ്ങൾ വരും വർഷങ്ങളിൽ യഥാസമയം ഡിമാന്റ് ചെയ്യ മറുപടി നൽകി.

1-1-4 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നട

2023-24 വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത തുക തൻവർഷം പ്രിന്റർ വാ

മൂല്യമാണ്. സുലേഖ ചെലവ് പത്രിക പ്രകാരം പ്രിന്റർ കൂടാതെ തൻ വർഷം വിവിധ പദ്ധതികളിലായി ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെ ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ക്ക് എല്ലാ വാങ്ങലുകളും ആസ്തി ര ചെയ്തിട്ടുള്ളതെന്നും ജേണൽ ചെയ്യാൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ജേണൽ എ അപാകത പരിഹരിക്കേണ്ടതാണ്.

1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നമ്പർ 04/23-24, 11. ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെന്റിലെ തുകകൾ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് ഐകെഎംന് റിപ്പോ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

District Cooperative Bank (104812803000029) അക്കൌണ്ടിന്റെ റികൺസിലിയേഷൻ പരിശോധിച്ചതിൽ Cheques Issued But Not Presented Into Bank എന്ന ഹെഡ്ഡിൽ 31.0.2024 ര തുകയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ചെക്ക് നമ്പർ/ തീയതി	തുക
003189/ 20-12-2023	250
870223/26-03-2022	4,890
310267/09-10-2019	2,177
254358/ 18-07-2019	2,999
493426/11-11-2020	500
254336/03-07-2019	800
752014/ 20-10-2021	840
493421 /06-11-2020	700
254377 /29-07-2019	500
485217/23-09-2020	17,336
485217/23-09-2020	2,092
871042/23-07-2022	2,675
254347 / 06-07-2019	900
493443 /25-11-2020	1,540
560954/23-07-2021	1,000
871042/ 23-07-2022	48
915799 /19-05-2023	3,000
915799/19-05-2023	1,500
559656/06-03-2021	450
005541 /31-03-2024	30,995
485255/20-10-2020	900

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുക
കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെ
ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേ
ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷ
മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.202
നൽകി. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-7 പ്രത്യേക ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/23 ലെ നീ
അവയുടെ ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ച

ക്രമ നമ്പർ	ശീർഷകം	ഇനം	ബി -4 പ്രകാരം	ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം
1.	320100197	Literacy Scheme Grant	1952	17181

പ്രസ്തുത വ്യത്യാസത്തിന്റെ കാരണം രേഖകൾ പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ്
(നമ്പർ 04/23-24, 11.06.2024)ന് മറുപടി നൽകി. അപാകം പരിഹരിക്കുന്നതിനാവശ്യമായ നടപട
അറിയിക്കേണ്ടതാണ്.

1-1-8 പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 183/-രൂപ
40(B) ഷെഡ്യൂളുകൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 5023/- രൂപയുമാണ്. ദുരിതാശ്വാസനിധി
സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് 5023/- രൂപയാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം രേഖകൾ പ
ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ന് മറുപടി നൽക
പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-9 കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയ

ബി-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 125
നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകളിൽ മൂന്ന് വർഷം കഴിഞ്ഞചെക്കുകളിലെ തുകകൾ വരുമാന ശീ
മാറ്റുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്
(നമ്പർ 04/23-24, 11.06.2024) പ്രസ്തുത തുക വരുമാന ശീർഷകത്തിൽ മാറ്റുന്നതിനുള
സ്വീകരിക്കുന്നതാണെന്നറിയിച്ചു.

1-1-10 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണ
മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9
പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ
ലഭ്യമാക്കേണ്ടതാണ്. ഐ എൽ ജി എം എസിലെ അപാകത കാരണമാണ് പ്രൊവിഷൻ രേ

കഴിയാത്തതെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ന് മറുപടി നൽകി. ഭാവിയ അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-11 വസ്തു നികുതി : ഡിസിബി പത്രിക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്ത

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും ധനകാ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക

	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	എ.എഫ്.എസ് പ്രകാരം	സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം	എ.എഫ്.എസ് പ്രകാരം(Rp-45+ B-9 P-B-9 C)	സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം	എ.എഫ്.എസ് പ്രകാരം B-15	സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം
Residential Building (Current)	2060437	2060437	1859342	1858642	196861	187161
Non-Residential Building (Current)	1856848	1856848	1770465	1770389	89321	102218
Residential Building (Arrear)	566786	206406	114106	113921	446791	95579
Non-Residential Building (Arrear)	330628	205126	132859	132827	191093	72524

മേൽ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (48/23-24, 19.06.2024 ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒ ശ്രദ്ധിക്കേണ്ടതുമാണ്.

1-1-12 സംയുക്ത പ്രോജക്ട് : ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പും B-4 ഷെഡ്യൂളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

A F S പ്രകാരം സംയുക്ത പ്രോജക്ടിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നി പൊരുത്തപ്പെടുന്നില്ല.

ഹെഡ് കോഡ്	ഇനം	മുന്നിരിപ്പ്	വരവ് (I-6) പ്രകാരം	ആകെ	ചെലവ്(ചെലവ് പത്രിക പ്രകാരം)	നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാ)
320700104, 204	Joint Venture - Capital& Revenue Expenditure -Block Panchayath	416124	4042398	4458522	4042398	416

320700105,205	Joint Venture - Revenue Expenditure -District Panchayath	624591	2604601	3229192	2604601	624

സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൌണ്ട് 799011400001576 ലെ 31.03.2024 ലെ നീ ആണ്. 1244362/- രൂപ പ്രസ്തുത അക്കൌണ്ടിൽ നിന്നും റിഡംപ്ഷൻ തുകയായി 2023- പിൻവലിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 1040715 നീക്കിയിരിപ്പായി അവശേ ഇത്തരത്തിൽ നീക്കിയിരിപ്പിൽ വ്യത്യാസം വരാനിടയായ സാഹചര്യം സംബന്ധിച്ച് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 59/23-24, 19.06.2024) നൽകിയില്ല. വ്യത്യാസം വന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-1-13 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്(RP-30)	ആകെ	ചെലവ്	നീക്കിയിരിപ്പ് (RP 40 B പ്രകാരം)	
ഭരണചെലവുകൾ	7569	504267	511836	498583	0	
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	66482522	66482522	66482522	-	
ആകെ	7569	66986789	66994358	66981105	0	

I-6 പ്രകാരം തൻ വർഷ ചെലവ് തുക 66981162/- എന്നാൽ I-14 (C) + I-14(F) പ്രകാരമുള്ള 66981105/-. 57/-രൂപയുടെ വ്യത്യാസം. ക്യാഷ് ബുക്ക്, RP 40 (B) എന്നിവ പ്രകാരം നീക്കിയിരിപ്പ് ഇ പരിഹരിക്കേണ്ടതാണ്.

1-1-14 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

2023-24 വർഷത്തെ B-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് ഇനങ്ങളിൽ ചുവടെ ചേർത്തിരി കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന്റെ കാരണം ലഭ്യമാക്കേണ്ടത

ഹെഡ് കോഡ്	ഇനം	നീക്കിയിരിപ്പ്
340100401	Road Cutting -Deposit	2642
340100303	Election Deposit	51000
340200199	Other Deposits	10189
340200101	Rent Deposit	8610
340200106	Deposit Received From Halls And Auditoriums	200

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് ന ഡെപ്പോസിറ്റുകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടാ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള ഡെപ്പോസിറ്റുകളിൽ കാല ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ക്ക് അവ മുൽക്കൂട്ടുന്നതിനനാവശ്യമ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

	ബജറ്റ്
പാസ്സാക്കിയ തീയതി	10/03/2023
ഭരണസമിതി തീരുമാനം	1/1
മുന്നിരിപ്പ്	17371658
പ്രതീക്ഷിത വരവ്	311033650
പ്രതീക്ഷിത ചെലവ്	310980130
നീക്കിയിരിപ്പ്	17425178

1-3 സാമ്പത്തിക നില (രസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	36410679
വരവ്	79534260
ആകെ	115944939
ചെലവ്	42189868
നീക്കിയിരിപ്പ്	73755071

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളിൽ ചെലവിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, വാർഷിക ധനകാര്യ പത്ര പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം	എ.സി.ആർ പ്രകാരമുള്ള തുക	വാർഷിക ധനകാര്യ പത്ര പ്രകാരം (I-6 + Correspo Capital Contribution)
വികസന ഫണ്ട് (ജനറൽ)	16684214	15594216	16684214
വികസന ഫണ്ട് (എസ് സി പി)	11208830	11286447	11208830
വികസന ഫണ്ട് സി എഫ് സി അൺറ്റൈഡ് (ബേസിക് ഗ്രാന്റ്)	1870038	1870038	1870072
വികസന ഫണ്ട് സി എഫ് സി റ്റൈഡ് (പെർഫോമൻസ് ഗ്രാന്റ്)	3338078	3338078	3338078
മെയിന്റനൻസ് ഫണ്ട് (റോഡ്)	4452151	5232151	4452151
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	3691234	4792870	3691234

വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 19.06.2024 മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് തുകകളിൽ ഇത്തരത്തിൽ വ്യത്യാസം വരാനിടയായ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെല
ഉല്പാദനം	പൊതുവിഭാഗം	10611675	6880348	64.8
	പട്ടിക ജാതി	1338000	723750	54.1
സേവനം	പൊതുവിഭാഗം	56706889	26053304	45.9
	പട്ടിക ജാതി	34177099	19378220	56.7
പശ്ചാത്തലം	പൊതുവിഭാഗം	21751823	8060731	37.1
	പട്ടിക ജാതി	504944	170572	33.8

ഇത്തരത്തിൽ ചെലവ് ശതമാനം കുറയാനിടയായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെ ഓഡിറ്റ് എൻക്വയറി നമ്പർ 41 /2023-24, 19.06.2024 മറുപടി ലഭ്യമാക്കിയില്ല. വകയിരുത്തലിനാനുപാതികമായി ചെലവ് ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വ ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയത ഖണ്ഡിക 3.4.1 lv പ്രകാരം മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിത ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടു അനുവദിക്കുന്നതാണ്.

ഫണ്ടിനം	അനുവദിച്ച തുക₹	ചെലവ് തുക₹	ചെലവ് ശതമ
മെയിന്റനൻസ് ഫണ്ട് (റോഡ്)	10591507	4452151	42.03
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	8399706	3691234	43.94

മെയിന്റനൻസ് ഫണ്ട് (റോഡ്), റോഡിതരം ഇനങ്ങളിൽ യഥാക്രമം 42.03, 43.94 എന്നിങ്ങനെയ ശതമാനം. പരമാവധി 20% വരെ ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാ (ക്യാരിഓവർ വിഹിതം) മെയിന്റനൻസ് ഫണ്ട് (റോഡ്) ൽ 37.97%, മെയിന്റനൻസ് ഫണ്ട് (റ 36.06% എന്നിങ്ങനെ തുകകൾ വരുംവർഷത്തിൽ ലാപ്സാകും. ഇത്തരത്തിൽ അനുവദിച്ച തുകയുടെ ശതമാനം കുറയാനുണ്ടായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ 41/2023-24, 19.06.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി പദ്ധതികൾക്ക് തുക വകയിരുത്തേണ്ടതും ആയത് പൂർണ്ണമായി ചെലവഴിക്കുകയും ചെയ്യുന്നതെ വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട അധികാരികളുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/Contributions തുകകൾ 2022-23 സാമ്പത്ത ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെ 24 വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ പ്രകാരമുള്ള
320100181	Total Sanitation Campaign	170000
320100195	Grants/Funds For Pandemic/Epidemic Control	79000
320100199	Grant For Keralotsavam	840
320200399	Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds – Other Purposes	25000
320300103	Grants, Funds & Contributions For Specific Purposes – Other Government Agencies – Total Sanitation	280476
320400199	Grants, Funds & Contributions For Specific Purposes – Other Financial Institutions	61800
320700104	Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats	113700
320700105	Contributions For Joint Venture Projects (For Capital Expenditure) – From District Panchayats	20248
320700204	Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats	302424
320700205	Contributions For Joint Venture Projects (For Revenue Expenditure) - From District Panchayath	604343

5) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗ്രണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 223 ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ലഭിച്ചതാണെ ചെലവഴിക്കാത്തതിന്റെ കാരണവും ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൌണ്ടിന്റെ വിശദാംശവും ആവശ്യപ്പെ ഓഡിറ്റ് എൻക്വയറി (നമ്പർ 04/23-24, 11.06.2024)ക്ക് 223933/- രൂപയുടെ വിശദാംശം രേഖകൾ പ ലഭ്യമാക്കുന്നതാണെന്നറിയിച്ചു. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ട

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	15595717	15595717	16684214	-1088497
വികസനഫണ്ട് (എസ്.സി.പി)	0	11487513	11487513	11208830	278683
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	2203500	2203500	3338078	-1134578
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	2938000	2938000	1870038	1067962
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	11291507	11291507	4452151	877199
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	4791400	4791400	3691234	1100166
CSS	0	0	0	2808151	-2808151
SSS	0	0	0	6902021	-6902021

1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം(സുലേഖ പ്രകാരം)

	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
പുതിയത്	170	105	168312881	52433596	31.15
സ്പിൽ ഓവർ	57	40	20733417	12759702	61.54
ആകെ	227	145	189046298	65193298	34.48

1. ആസൂത്രണ സമിതി

മാർഗ്ഗ രേഖയുടെ ഖണ്ഡിക 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തി ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാ അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേ നിഷ്കർഷിച്ചിട്ടുണ്ട്.

2023-24 ൽ മൂന്ന് തവണയാണ് ആസൂത്രണസമിതി യോഗം ചേർന്നതായി കാണുന്നത്. അതിൽ പേ യോഗം ചേർന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചു ചേ തീരുമാനിച്ചിട്ടുള്ളതായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. 19 ആസൂത്രണസമിതി യോഗം ചേർന്നതായി കാണുന്നെങ്കിലും പദ്ധതി മാർഗ്ഗരേഖ പ്രകാരം ആസൂത്രണ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത തീയതിയിലും മിനിട് ചെയ്തിട്ടില്ല. 24.12.2023 ൽ ആസൂത്രണസമിതി യോഗം ചേർന്നതായി രേഖപ്പെടുത്തിയ ഹാജരായവരുടെ വിവരമല്ലാതെ മറ്റ് രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. ഇത് സംബന്ധി എൻകൃയറി നം. 27 ന് ആസൂത്രണസമിതി യോഗ മിനിട്സ് സമയബന്ധിതമായി ക്ലോസ് ചെ ശരിയായ വിധത്തിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയ

ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അതിന് ശേഷമുള്ള സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയു ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം.14 ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധ വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചു വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുക ഖ.3.1.2(ബി) പ്രകാരമുള്ള അവരുടെ കർത്തവ്യങ്ങൾ ശരിയായ രീതിയിൽ വിനിയോഗിച്ചതായി കാണ

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും ന നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽക എൻകയറി നം. 27 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	ഓഡിറ്റ് എൻകയറി നം. 27 ന് ലഭ്യമാക്കിയ മറുപടി
1	ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)	തീയതി രേഖപ്പെടുത്തിയിട്ടില്ല 2023-24 വാർഷിക പദ്ധതി രൂപീകരണം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്	60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക	ജില്ലാപഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റേയും സംയുക്ത പ്രോജക്ടായി നടപ്പിലാക്കി വരുന്നു.
2	കൃഷി അനുബന്ധ മേഖല	8.12.2023	ജൈവവള നിർമ്മാണയൂണിറ്റ് നടപ്പിലാക്കുക	വിഭവ ലഭ്യതയുടെ പരിമിതി കാരണം ജൈവവള നിർമ്മാണ യൂണിറ്റിനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല.
3	ആരോഗ്യം	8.12.2023	Phcയിൽ മരുന്ന് സൂക്ഷിക്കാൻ സ്റ്റോർ റൂം നിർമ്മിക്കുക	2023-24 വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.
4	വിദ്യാഭ്യാസം, കലയും സംസ്കാരവും ,യുവജനകാര്യം	തീയതി രേഖപ്പെടുത്തിയിട്ടില്ല 2023-24 വാർഷിക പദ്ധതി രൂപീകരണം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്	പഞ്ചായത്ത് ഗ്രൌണ്ട്, നീന്തൽക്കുളം, സ്പോർട്സ് ഹബ് നിർമ്മാണം	വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പിലാക്കിയിട്ടില്ല

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ്എൻകയറി 27 ന് മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	ഓഡിറ്റ് എൻകയറി നം. 27 നുള്ള മറുപടി
1	പൊതുഭരണവും ധനകാര്യവും	ഗുരുതരം	റെക്കോർഡ് റൂമിലെ സ്ഥലപരിമിതി	തെരുവ് നായകളിലെ പേ വിഷബാധ നിയന്ത്രിക്കുന്നതിനായി വാക്സിനേഷൻ നടപ്പിലാക്കി വരുന്നു. ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിഭവസ്രോതസ്സിന് അനുസൃതമായി വരും വർഷങ്ങളിൽ പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.
2	കൃഷി	അതീവ ഗുരുതരം	ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ലഭ്യമക്കുറവ്	
3	മൃഗസംരക്ഷണവും ക്ഷീരവികസനവും	അതീവ ഗുരുതരം	തെരുവു നായ ശല്യം	
4	ദാരിദ്ര്യ ലഘൂകരണം	അതീവ ഗുരുതരം	ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധനവ്	
5	സാമൂഹ്യ നീതി	ഗുരുതരം	സ്ത്രീ പുരുഷ സമത്വം	

ഗ്രാമസഭ

1) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നി തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനയും നിശ്ചയിക്കണ

നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, 2022-23 സാമ്പത്തിക വർഷ 12.2023 എന്നീ തീയതികളിൽ മാത്രമാണ് ഗ്രാമസഭകൾ യോഗം ചേർന്നതായി കാണുന്നത്. വർക്കിംഗ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായോ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചതായോ ഗ്രാമസഭാ മിനിട്സുകൾ യഥാസമയം സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തതായി കാണുന്നില്ല . ഉദാഹരണ ന്റെ ഗ്രാമസഭാമിനിട്സ് പേജ് നം. 127

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

2) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച വരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

4) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാ വിശദാംശം ലഭ്യമാക്കിയിട്ടില്ല

7) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Respo (CSR Fund) ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

8) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമാ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഇത് സംബന്ധിച്ച ഓഡിറ്റ് എൻക 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും തദനുസൃതമായി ആവിഷ്കരിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരെ ഉന്നതിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള കടമ നിർവ്വഹിക്കേ

1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ – മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2023-24 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജര മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2023-24 വർഷം മരണ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർ

ക്രമ നം	പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധ നൽ തുക
1	അസുമാബീവി	102370600674	ഇന്ദിരാ ഗാന്ധി ദേശീയ	07.01.2024	ആക്ടീവ്	09/23-12/23	640

			വിധവ പെൻഷൻ സ്കീം				
2	സരോജിനി	102370202620	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	25.01.2024	സസ്പെൻഡ്	10/23-11/23	3200
3	സുമതി	102330100718	കർഷക തൊഴിലാളി പെൻഷൻ	15.02.2024	സസ്പെൻഡ്	10/23-11/23	3200

മരണം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ പെൻഷൻ സെക്ഷനെ അറിയിച്ച് പെൻഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻ 63 /23-24,19.06.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒ ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	4065400	350
വിധവാപെൻഷൻ	16033200	1591
വാർദ്ധക്യകാല പെൻഷൻ	29628500	2859
വികലാംഗ പെൻഷൻ	4012800	357
50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ	486200	44

1-7 ക്യാഷ് ബാലൻസ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ തീയതിയിൽ 3.50 Pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്ത പരിശോധനയിൽ 20137/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവ വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പു വരുത്തുന്നതിന് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിം രൂപീകരിച്ചതിന്റെയും പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തിയതിന്റെയും മിനുട്സ് ലഭ്യമാക്ക ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് സമിതി രൂപീകരിച്ച് റിവ്യൂ മീറ്റിംഗുകൾ ന ശ്രദ്ധിക്കേണ്ടതാണ്.

2.ഫ്രണ്ട് ഓഫീസ് ഡയറി ,പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതാണ്.
(പരിശോധനക്കായിലഭ്യമാക്കിയില്ല.)

3.നിലവിൽ സങ്കേതം സോഫ്റ്റ് വെയറിൽ എത്ര പെർമിറ്റ് അപേക്ഷകൾ പെന്റിംഗ് ഉണ്ടെന്നതി നിലവിൽ ഐ എൽ ജി എം എസിൽ നിന്നുള്ള സീറ്റ് വൈസ് റിപ്പോർട്ട് പ്രകാരമുള്ള ഡിലയ്ഡ് പാർക്കിംഗ് ഫയലുകൾ എന്നിവയുടെ എണ്ണം ടി പറഞ്ഞ ഫയലുകൾ ഏതെല്ലാം കാറ്റഗറ ഫയലുകളാണെന്നും ആയത് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരവും ലഭ്യമാക്ക ആവശ്യപ്പെട്ടെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല. ഓഫീസ് ഓർഡർ , ഓഫീസ് മീറ്റിംഗ് മിനുട്സ് പെന്റിംഗ് ഫയൽ ഉള്ളതായി രേഖപ്പെടുത്തൽ ഉണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. പെന്റിംഗ പരിശോധിച്ച് തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4.ഇൻകൃബെൻസി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

5.ഓഫീസ് ഓർഡർ പരിശോധിച്ചതിൽ 4-11-23 തിയ്യതിയിലെ ഉത്തരവ് പ്രകാരം മുൻവർ കാരണങ്ങളാൽ നികുതി ഇളവ് ചെയ്ത് കൊടുത്ത് നികുതിയിൽ നിന്നും ഒഴിവായ കെട്ടിടങ്ങൾക്ക് അ ഈ വർഷവും ഇളവിന് അർഹത നേടാത്ത കെട്ടിടങ്ങൾ സഞ്ചയയിൽ കാണുന്നതായും അ കെട്ടിടങ്ങൾ റിവോക്ക് ചെയ്യേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം തുടർ നടപടി എന്നിവ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. വിഷയത്തിൽ കൈക്കൊള്ളേണ്ടതാണ്.

6. വസ്തു നികുതി കുടിശ്ശിക അടക്കാത്തവരിൽ നിന്നും RR നടപടികളിലൂടെ തുക ഈടാക്കുന്ന വാർഡുകളിൽ നിന്നും 1000/- രൂപക്ക് മുകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങൾ ലിസ്റ്റ് ചെയ്ത് ക്ളർക്കുമാർ കെട്ടിട നികുതി സെക്ഷന് കൈമാറാൻ 23-1-24 ലെ 4 ാം നമ്പർ ഉത്തര ഉത്തരവായിട്ടുണ്ട്. 2023-24 വാർഷിക കണക്കു പ്രകാരം കെട്ടിട നികുതി ഇനത്തിൽ 9 ലക്ഷത്തിനുമേ ഉള്ളതായും കാണുന്നു. മേൽ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന് നികുതി, വാടക കുടി വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർ ശ്രദ്ധിക്കേണ്ടതാണ്.
7.മരണശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയതായി കാണുന്നു.
8. റേഷൻകടകൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതായി
9. കടമുറികളുടെ വാടക കുടിശ്ശിക, വസ്തു നികുതി കുടിശ്ശിക എന്നിവ ഈടാക്കുന്നതിനു ത്വരിതപ്പെടുത്തേണ്ടതാണ്.
10. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പദ്ധതികളിൽ ഗുണഭോക്തൃലിസ്റ്റിൽ ഇ ആനുകൂല്യം അനുവദിച്ചതായി കാണുന്നു.
11. ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളിൽ അധിക തുക നൽകിയതായി കാണുന്നു

1-9-1 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

1. MNREGA ആക്ട് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതായി ഗ്രാമസഭ മിനിട്സുകൾ പരി ബോധ്യപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2023-24 ഖ.4.5 പ്രകാരം തൊഴിലാളികളുടെ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയ

പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2023 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതു പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടി

3. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2023-24 ഖ,7.12.5 Annexure VII പ്രക ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പര രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

B. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയ എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്ട്, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ

C. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാ ആയത് ഫയലിൽ ലഭ്യമല്ല.

D. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്ര തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

E.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

F. Muster Roll Movement Slip ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

F. മിക്ക ഫയലിനൊടൊപ്പവും Wage List, FTO Statement എന്നിവ സൂക്ഷിച്ചിട്ടില്ല.

4) 14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയുള്ള സിറ്റിസൺ ഇൻഫർമേഷ സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള സംരംഭക ഗ്രൂപ്പ് 2023-24സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 60 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയി

5 തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ L എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പര സാങ്കേതിക പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴ പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 60 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത കൂടാതെ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-2 വടക്കേക്കോണം പുലിക്കുഴി റോഡ് കോൺക്രീറ്റിംഗ് - അപാകതകൾ

വടക്കേക്കോണം പുലിക്കുഴി റോഡ് കോൺക്രീറ്റിംഗ്എന്ന പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതക

പ്രവൃത്തിയുടെ പേര്	വടക്കേക്കോണം പുലിക്കുഴി റോഡ് കോൺക്രീറ്റിംഗ്

എംബുക്ക് നം.	27/ MGNREGS
എസ്റ്റിമേറ്റ് തുക	499439

1. തൊഴിലാളികളുടെ 19.06.2023 മുതൽ 25.06.2023വരെയുള്ള മസ്റ്റ് റോളിലെ രേഖപ്പെടുത്തലും റേ അറ്റൻഡൻസ് രേഖപ്പെടുത്തി നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മസ്റ്റ് റോളിൽ രേഖപ്പെ ആകെ അറ്റൻഡൻസിന്റെ അടിസ്ഥാനത്തിലാണ് ചുവടെ പട്ടികയിൽ രേഖപ്പെടുത്തൽ വരുത വിശദാംശം ചുവടെ

രജിസ്ട്രേഷൻ നം.	പേര്	മസ്റ്റ് റോൾ പ്രകാരം അറ്റൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്ന ദിവസം	വേജ് ലിസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്ന അ
KL-14-003-004-001-231	ഇന്ദിര	6	5

19.06.2023 മുതൽ 25.06.2023 വരെ 6 ദിവസത്തെ അറ്റൻഡൻസ് മസ്റ്റർ റോളിൽ രേഖപ്പെടുത്ത് വേതനം നൽകുന്നതിൽ നിന്നും കുറവ് ചെയ്തതിനും ശ്രീമതി ഇന്ദിരയ്ക്ക് മസ്റ്റർ റോൾ പ്രകാരം 5 വേതനം മാത്രം നൽകിയതിനും കാരണം വ്യക്തമല്ല

2. 26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തിക പ്രവൃത്തിയ്ക്കും ആവശ്യം ഉള്ള സാധനസാമഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യ ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എംബുക്ക് പരി മേൽ നിർദ്ദേശം പാലിച്ചിട്ടി ല്ല.

3. .എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്ത് പ്രകാരം SECURE Software- ൽ ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാ പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമ Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ്നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർ വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയ മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശ വ്യക്തമാക്കിയിട്ടുണ്ട്.

16.992 ടൺ പോർട്ട് ലാന്റ് സിമന്റിന് 11520 രൂപ നിരക്കിൽ(ആകെ 195747.84) ആണ് മുഹമ്മദ കരാറുകാരന് തുക നൽകിയിരിക്കുന്നത്. അതായത് ഒരു ചാക്ക് സിമന്റിന് 576 രൂപയാണ് നൽകിയ മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ പോർട്ട് ലാന്റ് സിമന്റിന് തുക നൽകിയതിന വ്യകതമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 61 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ ലഭ്യമാക്കേണ്ടതാണ്,

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (AFS പ്രകാരം)	നീക്കിയിരിപ്പ്
ഭരണചെലവുകൾ	7569	504267	511836	498583	**0
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	66482522	66482522	66482522	0
ആകെ	7569	66986789*	66994358	66981105	0

. l6 പ്രകാരമുള്ള ചെലവ് തുക 66981162/- രൂപയാണ്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടത

. *RP(40a)+RP(30)-l(14F) പ്രകാരം ലഭിക്കുന്ന നീക്കിയിരിപ്പ് RP(40b) യുമായി പൊരുത്തപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	20.07.2022 മുതൽ 26.7.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	13.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.02.2013	2007-08 മുതൽ 2011-12 വരെ	09.04.2013

1-11 റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ 1 റേഷൻകട മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ള പഞ്ചായത്തിന്റെ വികസനരേഖ പ്രകാരം 16 റേഷൻകടകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത ഇവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടു വിശദമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 06/12.06.2024) മറുപടിയായി 2022 പരാമർശപ്രകാരം ലൈസൻസ് എടുക്കാത്ത റേഷൻകടകൾക്ക് നോട്ടീസ് നൽകുകയും അതുപ്രക ഡീലേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ലൈസൻസ് അടയ്ക്കേണ്ടതില്ല എന്നും ബഹു. ഹൈക്കോട ഉണ്ടെന്നും ലൈസൻസ് ഫീ, തൊഴിൽക്കരം എന്നിവ നൽകുന്നത് ബഹു. ഹൈക്കോടതിയുടെ ലംഘനമാണെന്നും മറുപടി ലഭ്യമാക്കിയതായി അറിയിച്ചു. എന്നാൽ മറുപടിയിൽ പരാമർശിച്ചിരി ഹൈക്കോടതിയുടെ ഉത്തരവ്(W.P.(C) No. 22223/2020 (C)) പ്രകാരം FTEOS ചട്ടങ്ങൾ അനുസ കടകളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കേണ്ടതുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ റേഷ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാ

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തന സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17,18, പട്ടിക 3 എന്നിവ പ്രകാരം

കുതിരശക്തിക്കനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2023-24 വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അ പരിശോധനയിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാത്തതായി കണ്ടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷകരുടെ പേരും മേൽവിലാസവും	ലൈസൻസ് നം. , തീയതി	സ്ഥാപനത്തിന്റെ പേര്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട ഫീസ് (രൂപ)	ഈടാക്ക ഫീസ (രൂപ
ഷീബ. എം, കൃഷ്ണവിഹാർ	173/2023-2024/A2/RPTL20/2345 04.08.2023	ശാർക്കരേശ്വരി റൈസ് ആൻഡ് ഫ്ലോർ മിൽ	നൽകിയിട്ടില്ല	-	0
രാജേന്ദ്രൻ വി, രേവതി	243/2023-2024/A2/RPTL20/2161 02.02.2024	M/S രേവതി ഫ്ലവർ മിൽ	10 HP	100/-	0
ബീന. കെ, വെള്ളംകൊള്ളി	132/2023-2024/A2/RPTL19/2617 15.06.2023	രേവതി ഫ്ലവർ ആൻഡ് ഓയിൽ മിൽ	15 HP	200/-	0
ദീപാറാണി. എ. എസ്, വൈഷ്ണവം	73/2023-2024/A2/RPTL20/1636 28.04.2023	വൈഷ്ണവം ഹോളോബ്രിക്സ്	15 HP	200/-	0
നെസില. എ, മുഹമ്മദ് അലി മൻസിൽ	41/2023-2024/A2/RPTL20/1369 01.04.2023	ലിംറ ഫ്ലവർമിൽ	11 HP	200/-	0

മേൽ അപാകത്തിന് നൽകിയ ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 22/14.06.2024) മോട്ടോർഫീസ് ഈടാക്കാത്ത സ്ഥാപന ഉടമകൾക്ക് അടിയന്തിരമായി അറിയിപ്പ് നൽകി ഈടാക്കേ ഫീസ് ഉടമകളിൽ നിന്ന് അടവാക്കുന്നതാണെന്ന് അറിയിച്ചു. മോട്ടോർ ഫീസ് ഈടാക്കി രേഖക ലഭ്യമാക്കേണ്ടതാണ്.

1-13 കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

നഗരൂർ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ചേർക്കുന്നു.

ക്രമ നം.	പേര്	പ്രവൃത്തി
1	അനിൽകുമാർ കെ., പണയിൽ വീട്, നഗരൂർ	A. മൂഴിയിൽ എം.എൽ.എ പാലം സൈഡ് കോൺക്രീറ്റ് B. അയിരൂർ-മേലാംകോട് റോഡ് പുനരുദ്ധാരണം-വാർഡ് 7 C. ഇറത്തി പുളിനിൽക്കുന്നതിൽ കാട്ടാഞ്ചിറ റോഡ് കോൺടാക്ട്
2	തുളസീധരൻ നായർ, കാവിലകത്ത് വീട്, കീഴ്പേരൂർ, പേരൂർ പി.ഒ	A. വാർഡ് 6- വലിയകാട് അംഗണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം

		B. വലിയകാട് ലക്ഷംവീട് കോളനിറോഡ് വാർഡ്-6 മെയിന്റനൻസ് C. ചപ്പള്ളി-പ്ലാങ്കാല റോഡ് നവീകരണം-അധികതുക വകയിരുത്തൽ D. എ.ഇ ഓഫീസ് - ടോയ്ലറ്റ് നവീകരണം
3	ഗ്രേഡാസ് പ്ലാവിളവീട്, വഞ്ചിയൂർ, ആലംകോട്	A. പാലാണികൊപ്പം റോഡ് മെയിന്റനൻസ്-വാർഡ് 6 B. ബഡ്സ്സ്കൂൾ അധിക സൗകര്യം ഒരുക്കൽ
4	സുനിൽകുമാർ എസ്. , അലങ്കാരത്തിൽ, കല്ലമ്പലം പി.ഒ	A. നഗരൂർ വില്ലേജ് ഓഫീസ് റോഡ് മെയിന്റനൻസ് B. പച്ചത്തലയ്ക്കൽ തന്നിപൊയ്ക റോഡ് പുനരുദ്ധാരണം വാർഡ് 1
5	രാമചന്ദ്രപിള്ള, അശ്വതി, മടവൂർ പി.ഒ	ഗ്രാമപഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്(ഇലക്ട്രിഫിക്കേഷൻ)
6	രാജേന്ദ്രബാബു, ചന്ദ്രഭവനം, ആലത്തുകാവ്	A. ദേവേശ്വരം കാഞ്ഞിലിക്കോണം റോഡ് മെയിന്റനൻസ്- വാർഡ് 3 B. എം.സി.എഫ് അധിക സൗകര്യം ഒരുക്കൽ
7	രാമദാസ്, വിളയിൽ വീട്, വിളവൂർകോണം	A. മാത്തയിൽ അംഗണവാടിക്ക് ഇന്റർലോക്ക് സ്ഥാപിക്കൽ B. കോട്ടയ്ക്കൽ അംഗണവാടിക്ക് ചുറ്റുമതിലും ഗേറ്റും
8	ശുഭലാൽ, പള്ളിവിള, പുല്ലയിൽ	A. ആൽത്തറ സാംസ്കാരിക നിലയത്തിൽ ടോയ്ലറ്റ് നിർമ്മാണം B. ബഡ്സ് സ്കൂൾ ഇംപ്രൂവ്മെന്റ്
9	മരുമോഹ്, ചരുവിള പുത്തൻവീട്, മുളകുളത്തുകാവ്	A. എംസിഎഫ് വൈദ്യുതീകരണം B. പി.എച്ച്.സി ലാബ് വൈദ്യുതീകരണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴ ചട്ടങ്ങൾ എന്നിവ പ്രകാരം 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണെ അന്വേക്ഷണത്തിന് (നം. 36/18.06.2024) മറുപടിയായി ടി പരാമർശത്തിൽ പറഞ്ഞിരിക്കുന പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിൽ കൂടുതൽ നടത്തുന്ന കരാറുകാരുടെ വിവരങ്ങൾ ലഭ്യമായ കരാറുകാരുടെ വിവരങ്ങൾ LSGD AE ഓഫീസിൽ നിന്നും ശേഖരിച്ച് പ്രസ്തുത കരാറുകാ അടിയന്തിരമായി തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത കരാറുകാർ തൊഴിൽനികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-14 കടമുറികളുടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികളിൽ നിന്ന് 2023-24 സാമ്പത്തിക വാടക പൂർണമായും ഈടാക്കിയിട്ടില്ല.

ഷോപ്പ് നം.	പേര്, വിലാസം	കാലയളവ്	വാടക കുടിശ്ശിക
III	റീജിയണൽ മാനേജർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ	2023-24	27024/- (2252x12)
VII	മനു, കൊച്ചുവിള വീട്	2023-24	1748/- (437x4)
VIII	സുധാകരൻ, ലക്ഷ്മിസ്ഥാൻ	2023-24	1690/- (338x5)

മേൽപ്പറഞ്ഞ വാടക കുടിശ്ശികയുള്ള ഷോപ്പുകളിൽ നിന്നും 2023-24 വർഷത്തെ ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 05, മറുപടിയായി ഷോപ്പുകളുടെ കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നു കടമുറികളുടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-15 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും 2023-24 സാമ്പത്തി കെട്ടിട നികുതി ഈടാക്കുവാനുള്ളതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും കെട്ടിട നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശിക ഉ തുകകൾ ഈടാക്കുവാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക (ലൈബ്രറി സെസ്സ് ഉൾപ്പടെ)
1	4/99/A	2023-24	3433/-
2	5/17/B	2023-24	2540/-
3	5/632A	2023-24	393/-
4	7/56/C	2023-24	15755/-
5	11/86/A	2023-24	1428/-
6	12/265/E	2023-24	2041/-
7	13/143/C	2023-24	1054/-
8	14/88/A	2023-24	238/-
9	17/428/A	2023-24	1845/

തുക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണ 20/13.06.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ

1-16 നികുതി/നികുതിയേതര വരുമാനം-അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 01/10.06.2024) സ്ഥാപനം മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

A. തനത് വരുമാനം

1. ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ പുതിയ തനത് വരുമാന സ്രോതസ്സുകളെ കണ്ടെത്തിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി.

2. നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ്, പുരോഗതി എന്നിവ 08.05.23, 17.02.2 25.03.24 എന്നീ തീയതികളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്

3. തനത് വരവ് രജിസ്റ്ററുകൾ 12.03.24, 2503.24 എന്നീ തീയതികളിൽ ധനകാര്യ സ്റ്റാൻഡി പരിശോധിച്ചിട്ടുണ്ട്.

4. നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ്, പുരോഗതി എന്നിവ എല്ലാമാസവ യോഗങ്ങളിൽ അവലോകനം നടത്തുന്നില്ല.

5. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരവ് സംബന്ധിച്ച് ചർച്ച നടത്താറുണ്ടെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കാറില്ല എന്ന് അറിയിച്ചിട്ടുണ്ട്.

B. കുടിശ്ശിക വിവരം

1. വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം അരിയർ ഇനത്തിൽ ചുവ നികുതികൾ വിവിധ സാമ്പത്തിക വർഷങ്ങളിലായി പിരിച്ചെടുക്കാനവശേഷിക്കുന്നതായി മറുപടി ലഭ്യ

സ്ഥാപന തൊഴിൽനികുതി- 2500 രൂപ(22-23), 1250 രൂപ(23-24)

മാർക്കറ്റ് ഫീ -31250 രൂപ(21-22)

വാടക -9127 രൂപ(21-22), 9861 രൂപ(22-23), 47802 രൂപ(23-24)

വസ്തുനികുതി -46468 രൂപ(21-22), 82941 രൂപ(22-23), 794657 രൂപ(23-24)

അവശേഷിക്കുന്ന അരിയർ തുകകൾ പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2. സ.ഉ.(കൈ)നം.117/2022/LSGD, തീ. 01-06-2022 പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ 2023-24 സാമ്പത മുതൽ സൂക്ഷിക്കുന്നതായി അറിയിച്ചു.

C. തൊഴിൽ നികുതി

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാർ, സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളു തൊഴിൽ നികുതി (സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നൽകിയിട്ടുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ഇല്ലായെന്നും അറിയിച്ചിട്ടുണ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹ റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി പത്രികയിലെ രേഖപ്പെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറി

D. ലൈസൻസ്

1.വാർഡ് തല ടെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്

2.സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഗ്രാമ പഞ്ചായത്തിൽ ആകെ 1453 വാണിജ്യ കെട്ടിടങ്ങൾ ഇതിൽ ഹരിതകർമ്മസേന 362 സ്ഥാപനങ്ങളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നുണ്ട്.

3. 2023-24 സാമ്പത്തിക വർഷം 249 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്, ലൈസ കെട്ടിങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കാൻ 07.07.23, 16.09.23, 11.12. എന്നീ തീയതികളിൽ സ്ഥല പരിശോധന നടത്തിയതായി അറിയിച്ചു. എന്നാൽ തെരുവ് കച്ചവട (ജീ സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിംഗ്) സ്കീം 2019 പ്രകാരം വഴിയോര ക ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിൽ ലൈസൻസോടു കൂടി 4 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

E. വിനോദ നികുതി

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സിനിമാ തീയറ്ററുകളൊന്നും തന്നെ പ്രവർത്തിക്കുന്നുല്ല .അമ്യൂസ്മെ
ടർഫ് കോർട്ട്, ഇൻഡോർ ക്ലബ് /സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ, ടി.വി നെറ്റ് വർ
ബോട്ടുകൾ, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനു
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ശിപാർശ ചെയ്തിട്ടില്ല.

F. നികുതിയേതര വരവുകൾ

1.ഗ്രാമ പഞ്ചായത്തിലെ കുളങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല. മത്സ്യം വളർത്തുന
ആവശ്യങ്ങൾക്കായോ കുളങ്ങളൊന്നും ലേലം ചെയ്ത് നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ
മാർക്കറ്റുകളുണ്ടെങ്കിലും നിലവിൽ ഈ രണ്ട് മാർക്കറ്റുകളും പ്രവർത്തനരഹിതമാണെന്നും മാർക്കറ്റിലെ
പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നും അറിയിച്ചു. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ
സ്ഥലങ്ങളിലെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും ഫലവൃക്ഷങ്ങളിൽ നിന്നും
എടുക്കുന്നതിനുള്ള അവകാശം കൃത്യ സമയത്ത് ലേലം ചെയ്ത് നല്കി മുഴുവൻ തുകയും വരവായി സ്വീകരി

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 8 കടമുറികൾ നിലവിലുണ്ട് .

1-17 സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ
പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമ
വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും സ
2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാ
വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ
ഉപയോഗക്രമവും സഞ്ചയയിലെ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല.

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	ഉടമസ്ഥൻ	ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം	സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം
1	1/492	അബ്ദുൽ വഹാബ്. എ, ജാസ്മിൻ മൻസിൽ	സ്റ്റേഷനറി	പാർപ്പിടം
2	4/100	ജയൂഖ് ലാൽ, ഐശ്വര്യ ഭവൻ	ബേക്കറി & സ്റ്റേഷനറി	പാർപ്പിടം
3	6/608	സുരേഷ് കുമാർ	ഒപ്റ്റിക്കൽ ഷോപ്പ്	പാർപ്പിടം

മേൽ അപാകത്തിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 5,
മറുപടിയായി അപേക്ഷയിലും ലൈസൻസ് രേഖപ്പെടുത്തിയതിലും സംഭവിച്ച പിഴവാണെന്നും അബ്
ജാസ്മിൻ മൻസിൽ സ്റ്റേഷനറി പ്രവർത്തിക്കുന്നത് 1/493, ജയ് സുഖ് ലാൽ, ഐശ്വര്യ ഭവ
പ്രവർത്തിക്കുന്നത് 5/100, സുരേഷ് കുമാർ ഒപ്റ്റിക്കൽ ഷോപ്പ് പ്രവർത്തിക്കുന്നത് 6/5
കെട്ടിടനമ്പരുകളിലാണെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാ
ശ്രദ്ധിക്കേണ്ടതാണ്.

1-18 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സ
പദ്ധതിയിലെ അപാകങ്ങൾ

പദ്ധതിയുടെ പേര്	വയോജനങ്ങൾക്ക് കട്ടിൽ എസ്.സി.പി
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ	69/24
അടങ്കൽ	369750/-
ചെലവ്	312475/- (എസ്.സി.പി ഫണ്ട്)
ബിൽ നമ്പർ	65099/- 395/23.02.2024 65099/- 396/23.02.2024 73779/- 403/24.02.2024 78119/- 530/24.02.2024 30379/- 595/25.03.2024

നഗരൂർ ഗ്രാമപഞ്ചായത്തിൽ എസ്. സി. വിഭാഗത്തിൽപ്പെട്ട വയോജനങ്ങളായ 72 ഗുണഭോ പദ്ധതി പ്രകാരം കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിലെ അപാകങ്ങൾ ചുവടെ ചേർക

1) 72 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് ല ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേക്ഷണത്തിന്(നം. 43/19.06.2024) ഗുണ ഫയലിനൊപ്പം ഹാജരാക്കിയെന്ന് മറുപടി നൽകി. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പ ലഭ്യമായിരുന്നില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിക്കപ്പെട്ട മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോ ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നൽകേണ്ടത്.മ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും കൂടി കട്ടിൽ വാങ്ങി നൽകാവുന്നതാണ്. തന പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ 60 വയസ്സ് കഴിഞ്ഞ നിരാലംബ വയോജനങ്ങളല്ലാത്ത ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ നൽകിയിട്ടില്ലെ അന്വേക്ഷണത്തിന്(നം. 43) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശയ്യാവലംബരായ നിർദ്ധന കുടു എസ്.സി ഗുണഭോക്താക്കൾക്കാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളതെന്ന് മറുപടി നൽകി. ഗുണ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും ഗുണഭോക്താക്കൾ 60 വയസ്സ് കഴിഞ്ഞ ശയ്യാവലംബ വയോജനങ്ങളല്ലാത്ത നിർദ്ധനരാണെന്നോ തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തി അംഗീകരിക്കാനാകില്ല.

1-19 പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഉപയോഗശൂന്യമായ വസ്തുക്കൾ നീക്കം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നത്-തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

ഭരണസമിതിയുടെ 23.01.2024 ലെ തീരുമാനം നം. 3 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്ര വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് മെഡിക്കൽ ഓഫീസറെയും മൂല്യനിർണ്ണയം ന അസി.എഞ്ചിനീയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം രേഖക ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേക്ഷണത്തിന് (നം. 30/18.06..2024) മറുപടി ലഭ്യമ തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-789517/- രൂപയുടെ ചെലവ് തടസ്സം

സ. ഉ (കൈ) നം. 84/2022/Lsgd Dated 19.04.2022 ഖണ്ഡിക 12.2 (D) പ്രകാരം നിക്ഷേപ പ്ര സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന നിർവ്വഹിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിലെ താഴെപ്പറയുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിശദാംശം	റിമാർക്സ്	ഓഡിറ്റ് എൻക്വയറി 8 ന് ലഭ്യമാക്കിയ മറുപടി
പ്രോജക്ട് നം.11 പേര്- ഐ.കെ.എം വിഹിതം നൽകൽ അടങ്കൽ- വികസനഫണ്ട് 107356 ചെലവ്-ബിൽ നം. 3/6.5.23- 75595 262/17.11.23- 31761 ആകെ 107356	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.
പ്രോജക്ട് നം.224 പേര്- കോട്ടപ്പുറം മിനി കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരണം അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 63449 ചെലവ്-ബിൽ നം.413/13.3.24- 63449/-	KWAയിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.
പ്രോജക്ട് നം. 108 പേര്- വിലവൂർക്കോണം കുടിവെള്ള പദ്ധതി അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് 2000000 ചെലവ്-ബിൽ നം415/13.3.24- 200000	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്ന് 573575/- രൂപയുടെ എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഇല്ല	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.
പ്രോജക്ട് നം. 107 പേര്- കളത്തറമുക്ക് കുടിവെള്ള പദ്ധതി അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് 300000	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്ന് 350057/- രൂപയുടെ എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഇല്ല	പദ്ധതിയ്ക്കായി 2 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നതെന്നും പ്രസ്തുത തുകയാണ് കൈമാറിയതെന്നും അവശേഷിക്കുന്ന തുക നടപ്പ് വാർഷിക പദ്ധതിയിൽ

ചെലവ്-ബിൽ നം414/13.3.24-300000		ഉൾപ്പെടുത്തി കൈമാറുന്നതാണ്.
പ്രോജക്ട് നം. 140 പേര്-പെരുമ്പള്ളി പട്ടികജാതി കോളനി കുടിവെള്ള വിതരണ പദ്ധതി അടങ്കൽ-തനത്ഫണ്ട് 25000 ചെലവ്- ചെക്ക് നം. 168408/16.8.23-118712/-	വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ഇല്ല	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതു വരെ 789517/- രൂപയുടെ ചെ ചെയ്യുന്നു.

1-21 ഫർണിച്ചർ – പ്രിന്റർ വാങ്ങൽ- സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല

A)

പ്രോജക്ട് നമ്പർ	227
പ്രോജക്ടിന്റെ പേര്	ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ
അടങ്കൽ	തനത് ഫണ്ട് 120000
ചെലവ്	60000
ബിൽ നമ്പർ	ചെക്ക് നം. 168859/12.2.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

B)

പ്രോജക്ട് നമ്പർ	228
പ്രോജക്ടിന്റെ പേര്	ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ
അടങ്കൽ	തനത് ഫണ്ട് 100000
ചെലവ്	79200
ബിൽ നമ്പർ	ചെക്ക് നം. 212392/30.3.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ക്രമ നം. A യിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധ മുഖേന SRS Associates എന്ന സ്ഥാപനത്തിൽ നിന്ന് പ്രിന്റർ വാങ്ങിയിട്ടുണ്ട്. പ്രിന്റർ സ്റ്റോക്കിലെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 12 ന് സ്റ്റോക്ക് രേഖപ്പെടുത്തി കാലികമാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. സ്റ്റോ കാലികമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ക്രമ നം,ബി യിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ആവ പദ്ധതിയിൽ ആകെ 13 Office Chair Naran Chirakkal Corporate Ltd എന്ന സ്ഥാപനത്തിൽ നിന്ന് വ

അവ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സ് ഇത് രേഖപ്പെടുത്തൽ ഇല്ല.

പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ പൂർണ്ണമായും രേഖപ്പെടുത്തൽ വരുത്താതെ പല ഒഴിച്ചിട്ടിരിക്കുകയാണ്. പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല. (ഉദാ പേജ

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12 ന് അപാകതകൾ പരിഹരിക്കുന്നതാണെ ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി റിപ്പോർട്ട് ചെയ്യേണ്ടതും പ്രോക്യൂർമെന്റ് കമ്മിറ്റ അതിന്റെ കടമകൾ നിർവ്വഹിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതുമാണ്. ജി.ഒ(പി) നം.259/201 തീയതി.08.11.2010 പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 തെരുവു വിളക്ക് പരിപാലനം - അപാകതകൾ

A)

പ്രോജക്ട് നമ്പർ	158/24(Spill Over)
പ്രോജക്ടിന്റെ പേര്	തെരുവു വിളക്ക് അറ്റകുറ്റപ്പണി- ഇലക്ട്രീഷ്യന്റെ വേതനവും വാഹന വാടകയും
അടങ്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് 153000
ചെലവ്	153000
ബിൽ നമ്പർ	ബിൽ നം. 82/11.7.23- 128750 325/15.12.23- 24250
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

B)

പ്രോജക്ട് നമ്പർ	8/24
പ്രോജക്ടിന്റെ പേര്	തെരുവു വിളക്ക് പരിപാലനം
അടങ്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് 200000
ചെലവ്	64500
ബിൽ നമ്പർ	ബിൽ നം. 632/26.3.24- 53750 406/1.3.24- 10750
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

തെരുവുവിളക്ക് പരിപാലന പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കുകയും കേടാകുന്നവ അറ്റകുറ്റപ്പണി നടത്തുക, എന്നിവയാണ് മേൽ പദ്ധതികളിലൂടെ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 7-08-2015 ലെ ജി.2/44274/15 -ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനി ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖ രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്ത് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടു തെരുവ് വിളക്ക് രജിസ്റ്റർ , രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, പരാതി രജിസ്റ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് തെരുവുവിള മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ലായെന്നും അവ തയ്യാറാക്കുന്നതാ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ രജിസ്റ്ററുകളുടെ അഭാവത്തിൽ തെരുവുവിളക്ക് മെയിന്റനൻസിനായി തുക ചെലവഴിച്ചതിന്റെ ആ ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല. 7-08-2015 ലെ ജി.2/44274/15 -ാം നമ്പറായി പഞ്ചായത്ത് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2 മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയു പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെ അത്തരത്തിലൊരു സംവിധാനം പഞ്ചായത്തിലില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 8 ഓഫീസറെ നിയമിച്ചിട്ടില്ലായെന്നും അതാത് വാർഡ് മെമ്പറുടെ സാന്നിധ്യത്തിൽ യഥാസമയം അറ്റ നടത്തിവരികയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 7-08-2015 ലെ ജി.2/44274/15 -ാ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രക വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്, റിടെൻഷ ഈടാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയി

4. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണ നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമല്ല. കെ.എസ മേൽനോട്ടത്തിലല്ല തെരുവുവിളക്ക് പരിപാലനം നടത്തിയിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാ ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

5) ഭരണസമിതിയുടെ 20.06.23 ലെ 1 (1) നം. തീരുമാന പ്രകാരം തെരുവ് വിളക്ക് പരിപാലനത്തിന പ്രവർത്തനരഹിതമായ ബൾബുകൾ മാറ്റി ക്രൂസിൽ നിന്ന് വാങ്ങിയ ബൾബുകൾ ഇട്ടു എങ്കി ദിവസങ്ങളിൽ തന്നെ ടി ബൾബുകൾ പ്രവർത്തനരഹിതമാകുന്നതായും ആയത് സംബന്ധിച്ച പരിഹരിക്കുന്നതിനായി കേടായ 542 എണ്ണം ബൾബുകൾക്ക് പകരം 542 പുതിയ എണ്ണം ലഭ്യമാക്കണമെന്ന് കേരള റൂറൽ എംപ്ലോയ്മെന്റ് ആൻറ് വെൽഫെയർ സൊസൈറ്റിയോട് തീരുമാനിച്ചിട്ടുണ്ട്. ക്രൂയിസിൽ നിന്ന് വാങ്ങിയ ബൾബുകൾക്ക് വാറണ്ടിയുണ്ടായിരുന്നുവെങ്കി കാലയളവ്, ക്രൂയിസിൽ നിന്ന് 542 പുതിയ ബൾബുകൾ ലഭ്യമായിട്ടുണ്ടോ എന്നീ വിവരങ്ങൾ ആരാ നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് കേടായ ബൾബുകൾക്ക് പകരമായി ആദ്യഘട്ടത്തിൽ 200 ക്രൂസ് ലഭ്യമാക്കുകയും പകരം കേടായ 200 ബൾബുകൾ ക്രൂസിന് കൈമാറുകയും ചെയ്തിട്ടുണ്ടെന്ന ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി കേടായതായി ഭരണസമിതി തീരുമാനത്തിൽ പരാമർശിച്ചിട്ടുള്ള 342 സംബന്ധിച്ച് ഖണ്ഡികയിൽ വ്യക്തതയില്ല. പ്രസ്തുത ബൾബുകളുടെ വാറണ്ടി കാലയളവ് വ്യക്തമാക്കേ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

6) പ്രോജക്ട് നം. 220 പ്രകാരം നിലാവ് പദ്ധതി പ്രകാരമുള്ള തെരുവു വിളക്കുകൾക്കുള്ള അറ്റകുറ്റപ്പണ പദ്ധതി ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയതായി കാണുന്നില്ല. പഞ്ചായത്തിൽ നിലാ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം , സ്ഥാപനം തെരഞ്ഞെടുത്തിരിക്കുന്ന വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് 2023- 24 വർഷത്ത പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലായില്ലായെന്നുമാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ ഇ. ഡബ്ല്യൂ.ഡി വകുപ്പിന്റെ 07.01.2021 ലെ ഇ.ഡബ്ല്യൂ.ഡി 1/10/2020/Lsgd നം ഉത്ത ഏഴ വർഷ വാറന്റി കാലാവധിക്കുള്ളിൽ നിലാവ് പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡികളിൽ

ബൾബുകളും പ്രകൃതി ദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ല പുനസ്ഥാപിക്കാൻ ആണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്ഥാപനം തെരഞ്ഞെടുത്തിരിക്കുന്ന പാക്കേജ്, തെ രജിസ്റ്റർ എന്നിവയുടെ അഭാവത്തിൽ മുൻവർഷങ്ങളിൽ നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ബൾബുകളും മേൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരമുള്ള മെയിന്റനൻസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന ഉറപ്പാക്കാനായിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-23 ഹരിതഭവനം -അപാകതകൾ

പ്രോജക്ട് നം.	90
പ്രോജക്ടിന്റെ പേര്	ഹരിതഭവനം
അടങ്കൽ	വികസനഫണ്ട് 70000 ജില്ലാപഞ്ചായത്ത് വിഹിതം 70000 ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 39400
ചെലവ്	132040
ബിൽ നമ്പർ	ബിൽ നം. 445/23.3.24-8824 486/24.3.24- 25870 477/23.3.24-4412 484/24.3.24-4412 506/24.3.24-26472 485/24.3.24-25870 418/14.3.24-8826 505/24.3.24-26478 (വികസനഫണ്ട് ജില്ലാ പഞ്ചായത്ത് വിഹിതം) ചെക്ക് നം. 005533/30.03.24-9700 (ഗുണഭോക്തൃവിഹിതം
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

10 സെന്റോ അതിൽ കൂടുതലോ സ്വന്തമായുള്ള 10 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിന് മൺചട്ടി, പച്ച ദീർഘകാല പച്ചക്കറി, ഫലവർഗ്ഗങ്ങൾ, ബയോബിൻ, 10 മുട്ടക്കോഴിയും ഒരു കൂടും നൽകുക , കിണർ റീ എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. കിണർ റീചാർജ്ജിംഗ്, ബയോബിൻ, കോഴിക്ക ഗുണഭോക്താവ് നേരിട്ട് വഹിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിൽ താ അപാകതകൾ കാണുന്നു.

1. ബയോബിൻ ഗുണഭോക്താവ് നേരിട്ട് നടപ്പിലാക്കുന്ന വിധത്തിലായിരുന്ന പദ്ധതിയിൽ ചെയ്തിരുന്നതെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ അഗ്രോ സർവീസ് സെന്ററിൽ നിന്ന് ആയത് വാങ്ങ ചെയ്തിരിക്കുകയാണ്.

2. ലഭ്യമാക്കിയ രേഖകൾ പ്രകാരം വികസനഫണ്ടിൽ നിന്നുള്ള ആകെ ചെലവ് 69990/- രൂപയാ
സൂലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 61166/- രൂപയാണ്.

3.ആനുകൂല്യം ലഭിച്ചിട്ടുള്ള 10 ഗുണഭോക്താക്കളും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

4. 10 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമിനത്തിൽ 970/- രൂപ വീതം വിവിധ രസീ
പിരിച്ചിട്ടുണ്ട്. പ്രസ്തുത തുക സബ്സിഡി വിഹിതം കഴിച്ച് അഗ്രോസർവീസ് സെന്റർ, കിളിമാനൂർ, കേ
ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്ക് നൽകേണ്ട തുകയാണ്. പ്രസ്തുത തുക മേൽ സ്ഥാ
നൽകേണ്ടതിനു പകരം 10 ഗുണഭോക്താക്കളുടേയും അക്കൌണ്ടിലേയ്ക്ക് 970/- രൂപ വീതം നൽകിയിര
ഗുണഭോക്തൃവിഹിതം പിരിച്ച ശേഷം ആയത് ഗുണഭോക്താക്കൾക്ക് തന്നെ തിരികെ നൽകിയതിൽ
വ്യക്തമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം 52 ന് മറുപടി ലഭ്യമ
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 9
തിരികെ ഈടാക്കി അഗ്രോസർവീസ് സെന്റർ, കിളിമാനൂർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോ
എന്നിവയ്ക്ക് നൽകി രണ്ടു മാസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അതു വരെ 9700/- രൂപ തടഞ്
ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്
ലഭ്യമാക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1-24 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

സ.ഉ (കൈ) നം. 84/2022/ Lsgd Dated 19.04.2022 ഖണ്ഡിക 12.3 പ്രകാരം ഗ്രാമപഞ്ചാ
ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളെ സംബന്ധിച്ച് അർഹരായ ഗുണഭോക്താക്ക
അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചു കൂട്ടുന്ന ഗ്രാമസഭകളാണ്. ര
മുൻഗണനാലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്
ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ
നടത്തിയ ശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർ
കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്ര
അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവായിപ്പോയ അർഹരെ കൂട്ടി
ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോ
ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ പരാമർശിച്ചിട്ട
ഉള്ള നടപടിക്രമങ്ങൾ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ പാലിച്ചിട്ടില്ല
എ)

പ്രോജക്ട് നം.	104
പ്രോജക്ടിന്റെ പേര്	പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ്
അടങ്കൽ	ധനകാര്യ കമ്മീഷൻ അവാർഡ് 100000
ചെലവ്	40351

ബിൽ നമ്പർ	410/5.3.2024-27675 543/24.3.24-12676 Total 40351
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

15 പാടശേഖരങ്ങളുള്ള നഗരൂർ പഞ്ചായത്തിലെ വേനൽക്കാലത്ത് ജലദൌർലഭ്യമുള്ള 7 പാടശേഖ ജലലഭ്യത ഉറപ്പു വരുത്തുന്നതിലേയ്ക്കായി പമ്പ്സെറ്റ് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് മേ ആവിഷ്കരിച്ചിട്ടുള്ളത് പദ്ധതിയിൽ മൂന്ന് പാടശേഖര സമിതികൾക്ക് ആനുകൂല്യം നൽകിയിട്ടു ലഭ്യമാക്കിയ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ മേൽ പാടശേഖരസമിതികൾ ഉൾപ്പെട്ടിട്ടില്ല. പാടശേഖരം, ദർശനാവട്ടം പാടശേഖരം, കീഴ്നേരൂർ തെക്ക് എന്നീ പാടശേഖരങ്ങൾക്കാണ് നൽകിയിട്ടുള്ളത്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പാടശേഖരസമിതികൾക്ക് ആനുകൂല്യം നൽകിയതിന ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 38 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം ന സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

ബി)

പ്രോജക്ട് നം.	101
പ്രോജക്ടിന്റെ പേര്	വീട്ടുമുറ്റത്തും ടെറസിലും പച്ചക്കറി കൃഷി
അടങ്കൽ	വികസനഫണ്ട് 300000 ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 100000
ചെലവ്	400000
ബിൽ നമ്പർ	ബിൽ നം. 367/19.1.24-225000 542/24.3.24-75000 ചെക്ക്നം 212388/28.3.24-100000

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

സ്വന്തം കൃഷി ഭൂമി ഇല്ലാത്തവർക്കും ടെറസിലും വീട്ടുമുറ്റത്തും പച്ചക്കറി കൃഷിയിൽ സ്വയം കൈവരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്, ഗുണഭോക്തൃവിഹിതം 1250/- രൂപ സ്ഥാപനത്തിൽ 5000/- രൂപയുടെ മൺചട്ടി പോട്ടിംഗ് മിശ്രിതം നിറച്ചത്, പച്ചക്കറി തൈകൾ എന്നിവ ഗുണഭോ നൽകുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 42 ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.വിജയലക്ഷ്മി, കൊല്ലൂർ വീട്

2ശ്രീലതാ സുരേഷ്, തിരുവാതിര

3ബീന. പി

4നികിത എസ് ആയില്യം

5ദീപാ മോഹൻ, വേങ്ങാപ്പള്ളിവീട്

6രേഖ. ജി, സൌപർണിക

7ആർ.ജെസി, ദാസ് മന്ദിരം

8എം.എസ് ഉഷാകുമാരി, മഞ്ചാടിയിൽ വീട്

9താഹിറാബീവി, ചാവടി വിള വീട്

10.സുധർമ്മിണി, ദാസ് ഭവൻ

11ശ്യമാള, ശാന്ത നിവാസ്

12.സിന്ധു.എസ്, സുശീല നിവാസ്

13.അഖില. ലീന വിലാസം

14പുഷ്പവല്ലി, ശ്രീ നിലയം

15.ചന്ദ്രലേഖ, അഭിലാഷ് മന്ദിരം

16.അനിത.കെ

17.ശാസ്ന. എ.എം, സബീർ മൻസിൽ

18.ഷെഫിന. ജെ.എസ്

19.രജനി. എസ്, എസ്.ആറ് ഭവൻ

20.മഞ്ചു. എസ് അക്ഷരഭവൻ

21ബേബി, ശാലിനി ഭവൻ

22.സിന്ധു. ആർ, വാഴവിള പുത്തൻ വീട്

23ശ്രീകല, ആശാരിവിളാകത്തു വീട്

24. മോളി. എസ്, നിതിൻ ഭവൻ

25.ബിന്ദു, പുത്തൻ വിള വീട്

26.സുപ്രഭ, നികുഞ്ജം

27.ബിന്ദു, സൌഭാഗ്യ

28.ദീപാറാണി, ഗ്രീഷ്മം

29.സാബു.ഡി, ലീലാവിലാസം

30.ശ്രീജാകുമാരി, എം.എസ് നിവാസ്

31ജഗദാംബിക, നെടുംപറമ്പ്

32.സൂര്യ.എസ്.ജെ, ആർ.എസ് ഭവൻ

33.ലിസി രഘുനാഥൻ, പടിഞ്ഞാറ്റതിൽ വീട്

34ബിന്ദു. ഡി, ശ്രീ ശാസ്ത, പാറമുക്ക്

35. ജ്യോതി, വടക്കേ വിള വീട്

36.ബിന്ദു ജയചന്ദ്രൻ, രശ്മി ഭവൻ

37. ലിസി, ഷേർളി നിവാസ്

38.നിർമല സതീശൻ, സതീഷ് ഭവൻ

39.മിനികുമാരി. ബി, അഞ്ജനം

40.അനില. ടി, കാർത്തിക

41.ബേബി ഗിരിജ, വി. കെ ഭവൻ

42. സിന്ധു, സിന്ധു നിവാസ്

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതിന്റെ കാരണ കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വ ലഭ്യമാക്കേണ്ടതാണ്.ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് (ലഭ്യമാക്കേണ്ടതാണ്.

സി)

പ്രോജക്ട് നം.	91
പ്രോജക്ടിന്റെ പേര്	ഫലവൃക്ഷത്തൈ വിതരണം
അടങ്കൽ	വികസനഫണ്ട് 127500 ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) 42500
ചെലവ്	40000
ബിൽ നമ്പർ	ചെക്ക് നം. 212388/28.3.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

ഫലവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന ആനുകൂല്യം അനുവദിച്ചിട്ടുള്ള 146 ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. (

ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഇപ്രകാരം ഗുണഭോ
ഉൾപ്പെടാത്തവർക്ക് ആനുകൂല്യം വിതരണം ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധ
എൻക്വയറി നം. 45ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക്
നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

**ഫലവൃക്ഷത്തൈ വിതരണം 2023-24 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം ന
വിശദാംശം**

ക്രമ നം.	പേര്, മേൽവിലാസം
1	ബിജി .പി.എസ്, നിവേദ്യം വെള്ളല്ലൂർ
2	ഗീത .കെ, രോഹിണി ഭവൻ, കാവൂർകോണം
3	ബീന .ജി, ഗോകുലം
4	സിന്ധു സുനിൽ കുമാർ, കൃഷ്ണ, തേക്കിൻകാട്
5	സാഹിന, എ.എ. ഹൗസ്, രാമൂർകാവ്
6	ജിംജി .ബി.കെ, ദിനേശ് മന്ദിരം, കടവിള
7	ബിന്ദു .എസ്, ഈശ്വരവിലാസം, കടവിള
8	ഉഷ, കിണറുവിളാകത്തുവീട്, വെള്ളല്ലൂർ
9	രാജം .ബി, അഷ്ടമി രോഹിണി
10	റജുലാബീവി, നാലപ്പാട്ട് ഹൗസ്
11	സുധർമ്മണി അമ്മ, അശ്വതി ഭവൻ
12	ബീമാകുഞ്ഞ്, ബീന മൻസിൽ
13	ഓമന .കെ, കാട്ടുചിറവീട്
14	ലോജാകുമാരി .കെ, ലക്ഷ്മി നിലയം
15	ബിന്ദു .ജെ, നന്ദനം
16	ജോസ്, ലീന വിലാസം
17	രജനി .എം.ബി, വിളയിൽ
18	നന്ദിനി .ബി.എസ്, പാറയിൽ വീട്
19	സിന്ധു .ആർ, വാഴവിള പുത്തൻവീട്
20	നദീറ .എം, ഷെറിൻ മൻസിൽ
21	ലാലി, ദീപു വിലാസം
22	ബി. ജയചന്ദ്രൻ, സൗഭാഗ്യ (ബിന്ദു)
23	ആതുര, പുണർതം
24	രേഖ .സി, നെടുവിള
25	അജിമോൾ .ആർ, രജനിവാസ്
26	നിഷ .സി.എസ്, അർച്ചന ഭവൻ
27	ഇന്ദിര, അജിത് ഭവൻ
28	സന്ധ്യ .യു, അമൃതനിവാസ്
29	താഹിറബീവി .എസ്, ചാവടിവിളവീട്
30	അജിത് .എസ്, അജിത് ഭവൻ
31	രാധാമണി .പി, ജെ.ജെ. ഭവൻ
32	ബേബി ഗിരിജ, വി.കെ. ഭവൻ
33	അജിത .എ, പ്രീതാമന്ദിരം
34	ഡി. പ്രകാശ്, ദാസ് മന്ദിരം
35	സലാഹുദ്ദീൻ, വലിയവിളവീട്
36	ശ്യാമള .കെ, തൈക്കൂട്ടത്തിൽ
37	എം.എസ്. ഉഷകുമാരി, മഞ്ചാടിയിൽവീട്

38	വിദ്യ .വി, പനച്ചിവിളവീട്
39	ആതിര .എസ്, ശ്രീശൈലം
40	ശ്രീജ .റ്റി, മംഗലത്തുവീട്
41	ഷീലപ്രസാദ് .പി.എസ്, പാരഡൈസ്
42	വിദ്യ .ഡി.യു, പുതുശേരി വിളാകം
43	സിന്ധു .യു, എസ്.എസ്. ഭവനം
44	സുമികുട്ടപ്പൻ, കാവേരി സദനം
45	സജീവ് .സി, വിരുതുവിളാകത്തുവീട്
46	പ്രീത പ്രസാദ്, കൈലാസം
47	ശ്രീലേഖ, ജ്യോതിസ്
48	ബിജി .ആർ.എസ്, ആയില്യം, വെള്ളല്ലൂർ
49	ജയകുമാരി .പി, മേലെവിളവീട്
50	മഞ്ചു .റ്റി, വിളയിൽവീട്
51	ദീപ .എൽ.എസ്, ശ്രേയസ്
52	ഹരിത .എച്ച്, അംബികവിലാസം
53	ഷൈല .എസ്, ലക്ഷ്മി സദനം
54	ബി. ശാന്തമ്മ, ശ്രീവിലാസം
55	അംബിക .ആർ, ശരണ്യ ഭവൻ
56	ബിജി .ആർ, ഉദയഗിരി
57	ബിന്ദു .എസ്, സുശീൽ നിവാസ്
58	രാജേശ്വരി .ജി.എസ്, പുതുശേരി വിളാകത്തുവീട്
59	സബീന .എ.എച്ച്, സബീർമൻസിൽ
60	സിന്ദു .ആർ, കലാഭവൻ
61	റീന .ആർ, ബീനാ നിവാസ്
62	നന്ദകുമാർ, കൊച്ചു തെങ്ങുവിളവീട്
63	കവിത ആൻസി രാജ്, മേലതിൽ വീട്
64	സുനിത , സുനിതാ ഭവൻ
65	ശ്രീലത .ആർ, മുരളിക
66	ബീനാകുമാരി .ബി.എസ്, തറമേൽവീട്
67	ശ്രീലത സുരേഷ്, ചെറുകരപായ്ക
68	അനിതാബീഗം, എസ്.എസ്. മൻസിൽ
69	ശാന്തകുമാരി .എൽ, കിഴക്കേവിളവീട്
70	രമണി, പൂതക്കുഴിവീട്
71	ഉഷാകുമാരി, ഉഷസ്
72	ശ്രീകുമാർ .ബി, ശ്രീനിലയം
73	ശാലിനി .ആർ, ജിജോ ഭവൻ
74	ലസീന, തിരുവോണം
75	ബി. ശ്രീലത, പള്ളിവീട്
76	കെ. വാസുദേവകുറുപ്പ്, ബംഗ്ലാവിൽ പുത്തൻവീട്
77	സിന്ധു .ആർ.എസ്, ശിവപ്രസാദം
78	ആശാദേവി, മിന്നസ് ലാന്റ്
79	സരോജം .എം, സുരേഷ് ഭവൻ
80	മോഹനൻ നായർ, കാവിൽ കൊട്ടാരം
81	ലേഖ ബാബു .എൻ, ബി.എൽ. സദനം
82	ഷാജി, വിശാഖം
83	അംബീക, ആശിഷ് നിവാസ്

84	ചിഞ്ചു, ഓലയിൽ
85	ശകുന്തള, ആർ.എസ്. ഭവൻ
86	ആഷാകുമാരി .എസ്, മുള്ളുവിളവീട്
87	സബീനബീവി, എ.ആർ.എസ്. വില്ല
88	ബിന്ദു അശോകൻ, തിരുവാതിര
89	ജാസ്മിൻ .എ, മൈലക്കുന്നിൽ വീട്
90	ബീനാ ബാബു, ബാബു നിവാസ്, നഗരൂർ
91	ലതാകുമാരി .ആർ, കെ.കെ. നിവാസ്, ദർശനാവട്ടം
92	ശോഭ .റ്റി.എസ്, കീഴ്പേരൂർ
93	സന്ധ്യദേവി .എ.എൻ, നന്ദനം, രാമനല്ലൂർകോണം
94	ദീപാറാണ്, ഗ്രീഷ്മം, നഗരൂർ
95	രഘുനാഥൻ .ആർ, പടിഞ്ഞാറ്റതിൽവീട്
96	ശാന്താപിള്ള, വി.എസ്. വില്ല, കീഴ്പേരൂർ
97	ഭാവന, പണിയക്കൽകുടി വീട്, നന്തായ്വനം
98	സഫീലബീവി, വി.കെ. ഹൗസ്
99	സുഗന്ധി .എസ്, കുന്നുവിളവീട്, ഗേറ്റ്മുക്ക്
100	അംബിക .എസ്, വൈശാകം, തണ്ണിക്കോണം
101	ജയശ്രീ .എസ്, ദേവി സദനം, നഗരൂർ
102	അജന്ത പ്രദീപ്, വൃന്ദാവനം, ഇറത്തി
103	ഷെഫീന, ജെ.എസ്. കോട്ടേജ്, ചെമ്മരത്തുമുക്ക്
104	ലീന, ലീനാ വിലാസം, ഈഞ്ചമൂല
105	രാജ്മോഹൻ, തേജസ്
106	കമലാസനൻ, പടിഞ്ഞാറ്റതിൽ
107	വിജയകുമാരൻ നമ്പൂതിരി, കുന്നത്തുമൽ
108	സജീവ് .കെ, ശ്രീനിധി
109	ഗീത, ആഞ്ജനേയം, വെള്ളല്ലൂർ
110	തുളസീധരൻ നായർ, കാവിളാകത്തുവീട്
111	ഷീജാകുമാരി, എം.എസ്. നിവാസ്, വെള്ളല്ലൂർ
112	മിനിമോൾ .ആർ, അനാമിക, വെള്ളല്ലൂർ
113	ശാന്തകുമാരി, ശാന്ത നിവാസ്
114	രാജു .കെ, പാലയ്ക്കൽ
115	ശ്യാമള, ശാന്താനിവാസ്
116	ലൈല .റ്റി, ദിവ്യാ ഭവൻ
117	ഉഷ .കെ, കുന്നുവിള
118	അനീഷ്, അജീഷ് ഭവൻ
119	ശാന്തകുമാരി, അജീഷ് ഭവൻ
120	പ്രിയ .വി, കാരംകോട്, കേശവപുരം
121	ഗിരികുമാർ, നന്ദനം
122	സാവിത്രി, കാട്ടുചിറവീട്
123	പുലരികൃഷ്ണ, ലക്ഷ്മി ഭവൻ
124	ഷിബു .ആർ, ശ്രീനിലയം
125	ശശിധരൻ നായർ, ശ്രീകോവിൽ രാമൂർകാവ്
126	ഹസീനബീവി, സാബീർ മൻസിൽ
127	സിന്ധുബാബു പണിക്കർ, ശിവശക്തി
128	സിന്ധു, എസ്.യു. നിവാസ്
129	റീജ, മുട്ടുകോണം

130	ലാലി .എസ്, എസ്.എൻ. ഹൗസ്
131	സുധർമ്മിണി, ദാസ് ഭവൻ
132	പ്രശാന്ത്, ശിവദം, ഊന്നൻകല്ല്
133	ലീന, ശ്രീമംഗലം
134	പാർവ്വതി ദേവി, തോട്ടുവാശേരി
135	സംഗീത .എസ്, തോട്ടുവാശേരി
136	ബൈജു, വൈഷ്ണവം, നഗരൂർ
137	ലിസി .ജി, ദേവരാഗം, കോട്ടയ്ക്കൽ
138	റൈഹ .റ്റി, ആൽഫിയ മൻസിൽ
139	വിദ്യ, മേലെനഗരൂർ
140	നിഷ, സ്നേഹ ഭവൻ
141	സുലേഖ, വടക്കേവിള
142	വാസന്തി, സച്ചിദാനന്ദ ഭവൻ
143	നൂർജഹാൻ, ഷഹ്ന മൻസിൽ
144	ഹരിദാസ്, അരുണോദയം
145	ലൈല, സൗമ്യനിവാസ്
146	സാംബശിവൻ, രേവതി നിലയം

1-25 തരിശു കൃഷി, കേദാരം പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അംഗീകരിക്കാതെ ആനുകൂല്യം വിതരണം ചെയ്ത

പ്രോജക്ട് നം.	92	70
പ്രോജക്ടിന്റെ പേര്	തരിശുകൃഷി	കേദാരം സമഗ്രനെൽകൃഷി വികസനം 2023-24
അടങ്കൽ	വികസനഫണ്ട് 1075369 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1573903 ജില്ലാപഞ്ചായത്ത് വിഹിതം 1573903	വികസനഫണ്ട് 137500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 137500
ചെലവ്	വികസനഫണ്ട് 59460 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 59460	വികസനഫണ്ട്1020790 ബ്ലോക്ക് പഞ്ചായത്ത് വിഹിതം1364906 ജില്ലാപഞ്ചായത്ത് വിഹിതം1364846
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ	കൃഷിഓഫീസർ

1. പ്രോജക്ട് നം. 92 ൽ നഗരൂർ ഹരിത കർഷക ഗ്രൂപ്പ് (5 പേർ) നെൽകൃഷി, ജയഹരിത സംഘകൃ പേർ) പച്ചക്കറി കൃഷി, നഗരൂർ ഹരിത കർഷക ഗ്രൂപ്പ് വാഴക്കൃഷി എന്നീ ഗ്രൂപ്പുകൾക്ക് ആനുകൂല്യ ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ തരിശുഭൂമി കൃഷിയ്ക്കായി ഗുണഭോക്താക്കളെ തെരഞ ഗുണഭോക്തൃലിസ്റ്റില്ലാതെ എപ്രകാരമാണ് മേൽ ഗുണഭോക്തൃഗ്രൂപ്പുകൾക്ക് ആനുകൂല്യം വിതരണം വ്യക്തമല്ല.

2. പ്രോജക്ട് നം. 70 ൽ 14 പാടശേഖരസമിതികളിലായി ഉൾപ്പെട്ട 185.165 ഹെക്ടർ സ്ഥലത്ത് ചെയ്യുന്നതിന് വിത്ത് , ഓർഗാനിക് മാന്വർ, ഉഴവുകൂലി എന്നിവ നൽകുന്നതിനായാണ ആവിഷ്കരിച്ചിരുന്നത്. ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ മേൽ പ്രോജക്ടിനായി ഗുണഭ തെരഞ്ഞെടുത്തതായി കാണുന്നില്ല. വ്യക്തിഗത അക്കൌണ്ടിലേയ്ക്കാണ് TR 59 E പ്രകാരം ആനുകൂല്യ ചെയ്തിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റില്ലാതെ എപ്രകാരമാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം വ്യക്തമല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 52 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് സാധൂകരണം ലഭ്യമാ നിലവിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീക വിവരം അറിയിക്കേണ്ടതുമാണ്.

1-26 കേരം-കേരളീയം തെങ്ങ് വളർത്തലും സംരക്ഷണവും - അപാകതകൾ

പ്രോജക്ട് നം.	216
പ്രോജക്ടിന്റെ പേര്	കേരം-കേരളീയം തെങ്ങ് വളർത്തലും സംരക്ഷണവും
അടങ്കൽ	വികസനഫണ്ട് 125000 തനത് ഫണ്ട് 2500 ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 7500
ചെലവ്	44000
ബിൽ നമ്പർ	ബിൽ നം. 543/24.3.24-22500 548/24.3.24- 14000 ചെക്ക് നം. 212388/28.3.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഗുണഭോക്താവിന് 3 തെങ്ങിൻതൈയും (75% ജൈവവളത്തിനു ചെലവാകുന്ന തുകയുടെ 75% സബ്സിഡിയായി ആതാതു ആളുകളുടെ അ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. ആകെ 425 യൂണിറ്റുകൾക്കാണ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചേയ്സ് തീരുമാനപ്രകാരം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി നൽകേണ്ടതാണ് സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ജൈവവളങ്ങളും മറും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുന്ന ആനുകൂല്യം നൽകേണ്ടത്.

ഫയൽ പരിശോധിച്ചതിൽ പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചതായോ നിർവ്വഹണ ഉദ്യോഗസ്ഥ ജൈവ നൽകിയതായോ കാണുന്നില്ല. ബിൽ നം. 548/24.3.24 പ്രകാരം 41 ഗുണഭോക്താക്കളുടെ അക്കൌണ സബ്സിഡി തുക നൽകിയതായി കാണുന്നു. എന്നാൽ ജൈവവളം ഗുണഭോക്താക്കൾ നേരിട്ട് വാ

ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജൈവവളം വാങ്ങിയതിന്റെ വൌച്ചറുകളുടെ അഭാവത്തിൽ ആനുകൂല്യത്തിന്റെ ആധികാരികത ഉറപ്പു വരുത്താനായിട്ടില്ല.

2. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായ

A. താജ് മോഹൻ, തേജസ്

B. ലാലി, ദീപു വിലാസം

C.ഷീല പ്രസാദ് പി.എസ്, പാരഡൈസ്

D.ബിന്ദു.ജെ, നന്ദനം

E.നന്ദിനി. ബി.എസ് , പാറയിൽ വീട്

F. ജയശീലൻ നായർ, കോളൂർ വീട്

G. സുന്ദരൻ. കെ, നന്ദനം

H. ഇന്ദിര. അജിത് ഭവൻ

I. ദിവ്യ, പുതുശ്ശേരി വിളാകത്ത് വീട്

J. ഷാജി, വിശാഖം

K. ലതിക, അക്കരമുളയ്ക്കൽ വീട്

L. ഗിരിജ പ്രസേനൻ, കാർത്തിക, നെടുംപറമ്പ്

M. സുല. എസ്.എൻ, അഞ്ജനേയം

N. ശാന്തപിള്ള, വി.എസ്, വില്ല

O. ശോഭ, കീഴ്ശ്ശേരി

P. സുനുപ്, ശ്രീ നികേതൻ

Q, അജന്ത പ്രദീപ്, വൃന്ദാവനം

R. ഗിരികുമാർ, നന്ദനം

S. ശ്രീജ, മംഗലത്ത് പുത്തൻവീട്

T. ബിനി.ബി, ശില്പ, പാളയം

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 39 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വി ലഭ്യമാക്കേണ്ടതും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് ര ലഭ്യമാക്കേണ്ടതുമാണ്.

1-27 കണ്ടിജന്റ് ചെലവുകൾ -10000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം	103
പ്രോജക്ടിന്റെ പേര്	കൃഷിഭവൻ-കണ്ടിജന്റ് ചെലവുകൾ
അടങ്കൽ	റോഡിതരം 70000
ചെലവ്	58456(സുലേഖ പ്രകാരം)
ചെലവ് വിവരം	ബിൽ നം. 6/6.5.2023- 17134 136/21.8.23- 22914

	ബിൽ നമ്പർ 147/22.8.23- 4530 199/4.10.23-4010 ആകെ 48588
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷിഓഫീസർ

കൃഷിഭവന്റെ കണ്ടിജന്റ് ചെലവുകൾക്കായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ ത അപാകതകൾ കാണുന്നു.

1. ബിൽ നം. 136 പ്രകാരമുള്ള 22914/- രൂപയുടെ ചെലവിൽ ചിങ്ങം 1 ന്റെ Refreshment ചെലവായ 1 ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല.
2. സൂലേഖ പ്രകാരം ഈയിനത്തിലെ ആകെ ചെലവ് 58456/- രൂപയാണ്. ടി ചെലവ് രേഖകള് Sanction Order No.338/27.12.23 പ്രകാരമുള്ള 9868/- രൂപയുടെ TR 59E ബിൽ പ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ACR പ്രകാരം അത്തരമൊരു ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 44 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ ലഭ്യമാക്കേണ്ടതുമാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ 21.08.23 ലെ ബിൽ നമ്പർ 136 പ്രകാരമു രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

1-28 അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ – നടപടി അനിവാര്യ

സ. ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1),(2) എന്നിവ പ്രകാരം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫ ഭൌതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൌഹൃദ അങ്ക യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടു എംജിഎൻആർഇജിഎസ്, ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണ സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആ തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പിന്റെ 3-9-2010 തീയതി യിലെ നമ്പർ 39033/ ഡി.സി.2/201 സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ള മുതലായ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെ പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൌതിക മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 31/2023-24,18.06.2024) വർഷങ്ങളിലെ വിവിധ പ്രോജക്ടുകളിലൂടെ നടപ്പിലാക്കി വരുന്നതായി മറുപടി നൽകി. മറുപടി പ്രക ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൌതിക സാഹചര്യം സംബന്ധിച്ച വിശദാംശം ചുവടെ ചേർ

ക്രമ നമ്പർ	ഭൌതിക സാഹചര്യം	അങ്കണവാടികളുടെ എണ്ണം
1	സ്വന്തം കെട്ടിടമില്ലാത്തവ	20

2	വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	10
3	ചുറ്റുമതിൽ ഇല്ലാത്തവ	15
4	ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ	25
5	വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം	-
6	കുടിവെള്ള കണക്ഷൻ ഇല്ലാത്തവ	-
7	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം	-

മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്ത് അങ്കണവാടികളു സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-29 അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി - വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചു - 138390/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	അങ്കണവാടി കേന്ദ്രങ്ങളിലെ അനുപൂരക പോഷകാഹാര പരിപാടി
നിർവ്വഹണോദ്യോഗസ്ഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ	S0052/24
അടങ്കൽ	2625000 (1025000 CFC Untied + 1600000 Centrally Sponsored Schemes)
ചെലവ്	2438390 (700000 + 1738390)
ബിൽ നമ്പർ/ തീയതി/ തുക	1) 328/15.12.2023 – 378471 2) 420/14.03.2024 – 321529 3) Ch No. 900168,05.06.2023 – 679699 4) Ch No. 900205,20.06.2023 – 75925 5) Ch No. 900206,20.06.2023 – 2948 6) Ch No. 900395,23.08.2023 – 45064

		7) Ch No. 900587,10.10.2023 – 32795 8) Ch No. 900540,10.10.2023 – 2008 9) Ch No. 900656,27.11.2023 – 19990 10) Ch No. 900609,03.11.2023 – 19825 11) Ch No. 900657,27.11.2023 – 21612 12) Ch No. 900699,08.12.2023 – 104994 13) Ch No. 900748,26.12.2023 – 106144 14) Ch No. 900749,26.12.2023 – 10555 15) Ch No. 900828,23.01.2024 – 138390 16) Ch No. 900834,24.01.2024 – 63296 17)Ch No. 900937,24.02.2024 – 138390 18)Ch No. 900986,06.03.2024 – 26781 19)Ch No. 900987,06.03.2024 – 111386 20)Ch No. 901075,27.03.2024 – 138588 ആകെ 700000+ 1738390= 2438390

അന്നപൂരക പോഷകാഹാരം പദ്ധതി പരിശോധിച്ചതിൽ കേന്ദ്രവിഹിത ഫണ്ടിനത്തിൽ അടക്ക വകയിരുത്തിയ തുക 1600000/- രൂപയാണ്. എന്നാൽ പ്രസ്തുത ഫണ്ടിൽ നിന്നും 1738390/- ര ചെയ്തിട്ടുണ്ട്. 138390/- രൂപ രണ്ട് തവണ ലാഭം മാർക്കറ്റിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത് ഇത്തരത്തിൽ അധിക തുക ചെലവഴിച്ചത് (ചെക്ക് നമ്പർ.900828/23.01.24-തുക 13839 നമ്പർ.900937/24.02.24- തുക 138390/-). പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശം ഓഡിറ്റ് എ 37/2023-24, 18.06.24) മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ലാഭം മാർക്ക വർഷങ്ങളിൽ നൽകാനുള്ള തുകയിൽ ആയത് കുറവ് ചെയ്യുന്നതാണെന്നറിയിച്ചു. ലാഭം മാർക്കറ്റി

നൽകിയ 138390/- രൂപ തടസ്സപ്പെടുത്തുന്നു. തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്ന മു ഒഴിവാക്കുന്നതാണ്.

1-30 പ്രൈമറി സ്കൂളുകളിൽ പ്രഭാതഭക്ഷണം- 15120/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.56376/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം.	17	16
പ്രോജക്ടിന്റെ പേര്	പ്രൈമറി സ്കൂളുകളിൽ പ്രഭാതഭക്ഷണം	പ്രൈമറി സ്കൂളുകളിൽ പ്രഭാതഭക്ഷണം (സ്പിൽ ഓവർ)
അടങ്കൽ	വികസനഫണ്ട് (എസ്.സി.പി) 219447	വികസനഫണ്ട് 868239
ചെലവ്	219447(സൂലേഖ പ്രകാരം)	838359
ബിൽ നമ്പർ	74/6.7.23-17496 81/11.7.23-5508 112/2.8.23-26226 165/4.9.23-23607 300/28.11.23-46467 321/12.12.23-26649 548/24.3.24-73494	73/6.7.23-61074 80/11.7.23-14742 111/2.8.23-86859 164/4.9.23-78327 299/28.11.23-152370 320/12.12.23-102627 528/24.3.24-159687 599/26.3.24-12042
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ

പ്രൈമറി സ്കൂളുകളിൽ പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിലേയ്ക്കായി ആവിഷ്കരിച്ചിരുന്ന നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് നം. 16 , ബിൽ നം. 320/12.12.2023 പ്രകാരം ആകെ 102627/- രൂപ ചെലവഴിച്ചിട്ടു 70875/- രൂപ ഗവൺമെന്റ് യു.പി.എസ് പേരൂരിന് നൽകിയ തുകയാണ്. പ്രസ്തുത തുക ഗവൺമെന്റ് പേരൂർ ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് നവംബർ 2023 ൽ പ്രഭാതഭക്ഷണം വിതരണം ചെയ്ത 55755/- രൂപയും നവംബർ 2023 ൽ തന്നെ എസ്.സി വിഭാഗത്തിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണ ചെയ്ത ഇനത്തിലെ 15120/- രൂപയും ഉൾപ്പെട്ട തുകയാണ്.

പ്രോജക്ട് നം. 17 ൽ ബിൽ നം. 321/12.12.2023 പ്രകാരം 26649/- രൂപ ചെലവഴിച്ചിട്ടുണ്ട്. അ രൂപ ജി.യു.പി.എസ് പേരൂരിന് നവംബർ 2023 ലെ എസ്.സി വിഭാഗത്തിലെ കുട്ടികൾക്ക്പ്ര വിതരണം ചെയ്ത ഇനത്തിലെ തുകയാണ്. അതായത് മേൽ പ്രസ്താവിച്ച രണ്ടു ബില്ലുകളിലുമായി യു.പി.എസ് പേരൂർ നവംബർ 2023 ലെ എസ്.സി വിഭാഗത്തിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം വിത ഇനത്തിലെ 15120/- രൂപ രണ്ട് പ്രാവശ്യം കൈപ്പറ്റിയിരിക്കുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവ് പിഴവ് സംഭവിച്ചതെന്നും 15120/- രൂപ 2024-25 വർഷത്തിൽ അനുവദിക്കേണ്ട തുക വരുത്തുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുണ്ട് . വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച തുക ചെലവിനനുസരിച്ചാണ് ബിൽ മാറുന്നത് എന്നതിനാലും 2024-25 വർഷത്തിൽ അനുവദിക്കേണ്ട തു കുറവ് വരുത്തുന്നതാണെന്ന മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത തുക തിരികെ ഈടാക്കി കൺന ഫണ്ടിൽ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ബിൽ നം. 548/24.3.2024 പ്രകാരം (പ്രോജക്ട് നം. 17) ആകെ 73494/- രൂപ ചെലവഴിച്ചിട്ടു 41760/- രൂപ ജി.യു.പി.എസ് പേരൂറിനും 14616/- രൂപ G.V.L.P.S നും 17118/- രൂപ ജി.എ വെള്ളല്ലൂരിനുമാണ് വിതരണം ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ ചെലവുരേഖകൾ ,ജി.എൽ.പി.എസ്, വിതരണം ചെയ്ത തുകയുമായി മാത്രമേ പൊരുത്തപ്പെടുന്നുള്ളൂ. മറ്റ് രണ്ട് സ്കൂളുകൾക്ക് വിതരണം ചെയ്ത ലഭ്യമാക്കിയ ചെലവു രേഖകളും TR 59E പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.26) ബിൽ തയ്യാറാ സംഭവിച്ച പിഴവ് കാരണമാണ് 126/- രൂപ അധികമായി അനുവദിച്ചതെന്നും അത് സാമ്പത്തികവർഷത്തിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപ ലെ പരാമർശവുമായി പൊരുത്തപ്പെടുന്നില്ല. ബിൽ നം. 548/24.3.2024 പ്രകാരം (പ്രോജക്ട് നം. 73494/- രൂപയിൽ ജി.എൽ.പി.എസ് വെള്ളല്ലൂരിനു വിതരണം ചെയ്ത 17118/- രൂപയുടെ ചെലവി മാത്രമേ ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടുള്ളൂ. ആയതിനാൽ അത് കഴിച്ച് 56376/- രൂപയുടെ ചെ ചെയ്യുന്നു. ടി തുകയുടെ കൃത്യമായ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-31 തുടർസാക്ഷരതാ പ്രവർത്തനങ്ങൾ- രണ്ട് ഗുണഭോക്താക്കളുടെ കോഴ്സ് ഫീസ് സാക്ഷരതാമിഷന് അധികമായി നൽകി. 4600/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം.	205	74
പ്രോജക്ടിന്റെ പേര്	തുടർസാക്ഷരതാ പ്രവർത്തനങ്ങൾ (സ്പിൽ ഓവർ)	തുടർസാക്ഷരതാ പരിപാടി
അടങ്കൽ	വികസനഫണ്ട് 22000	വികസനഫണ്ട് 11500
ചെലവ്	19350(സുലേഖ പ്രകാരം)	(സുലേഖ പ്രകാരം)

ബിൽ നമ്പർ	30/26.5.23-5550 522/24.3.24-2300 29/26.5.23-13800	527/24.3.24-11500
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ

തുടർസാക്ഷരതാപദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി ആവിഷ്കരിച്ചിരുന്ന പ്രോജക്ടിൽ താഴെപ്പറയുന്ന അ
കാണുന്നു. (ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും പ്ലസ് 1 ന്റെ മാർക്ക് ലിസ്റ്റും പ
ലഭ്യമാക്കിയിട്ടുണ്ട്)

1. പ്രോജക്ട് നം. 74 ന്റെ ലഭ്യമാക്കിയ ചെലവുരേഖകൾ പ്രകാരം ആകെ 11500/- രൂപ ചെലവഴിച്ചിട്ടു
സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 0 രൂപയാണ്.

2. പ്ലസ്ടു തുല്യത , ഒരു പഠിതാവിന് കോഴ്സ് ഫീസ് 2300 രൂപ നിരക്കിൽ ആണ് ജില്ലാ സാക്ഷരത
അടവാക്കേണ്ടത്. ബിൽ നം. 29/26.5.23 (പ്രോജക്ട് നം. 205) പ്രകാരം അൻസി. എസ്, വിദ്യ. വി, ര
വി, ആന്റപ്. വി, ബീന.പി. ആർ, സിനോബ. എ എന്നീ 6 ഗുണഭോക്താക്കളുടെ തുകയായ 13
അടവാക്കിയിട്ടുണ്ട്. (6x2300=13800). ബിൽ നം. 527/24.3.24(പ്രോജക്ട് നം. 74) പ്രകാരം
ദീപാറാണി. എൽ.ആർ, രഞ്ജിനി .സി, മഞ്ജു. എസ്, ബീന.പി.ആർ എന്നീ 5 ഗുണഭോക്താക്കളു
11500/- രൂപയാണ് അടവാക്കിയിട്ടുള്ളത് (5x2300=11500) . ബിൽ നം. 527/ 24.3.24 ൽ ഉൾപ്പെട്ട ബ
ബിൽ നം. 29/26.5.23 ലും ഉൾപ്പെട്ട ഗുണഭോക്താവാണ്.

ബിൽ നമ്പർ 29/26.05.23 പ്രകാരം തുക അടവാക്കിയ സിനോബ.എ എന്ന ഗുണഭോക്താവിന്
522/24.3.24 (പ്രോജക്ട് നം. 205) പ്രകാരം 2300/- രൂപ പ്ലസ്ടു തുല്യത കോഴ്സ് ഫീസ് സാക്ഷര
അടവാക്കാനായി ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും അത് Qbill ആകുകയും 2024-25 സാമ്പത്തികവ
ഗുണഭോക്താവിന് തന്നെ 2024-25 സാമ്പത്തിക വർഷം പ്ലസ്ടു തുല്യതയ്ക്കായി 2
ജില്ലാസാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്.

ഇപ്രകാരം രണ്ട് ഗുണഭോക്താക്കളുടെ (ബീന. പി.ആർ, സിനോബ. എ) പ്ലസ്ടു തുല്യതയ്ക്കുള്ള തുക രണ
ജില്ലാസാക്ഷരതാമിഷനിൽ അടവാക്കി. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് ജില്ല
കോർഡിനേറ്റർ ,ജില്ലാ സാക്ഷരതാമിഷൻ ലഭ്യമാക്കുന്ന കത്ത് പ്രകാരമാണ് പ്രോജക്ടിൽ
സാക്ഷരതാമിഷന് തുക കൈമാറുന്നതെന്നും അധികമായി കൈമാറിയ തുക 2024-25
ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയായതിനാൽ രണ്ട് ഗുണഭോക്താക്കളുടെ ഫീസിനത്തിൽ
നൽകിയ 4600/-രൂപ സാക്ഷരതാമിഷനിൽ നിന്ന് തിരികെ ലഭ്യമാക്കി കൺസോളിഡേറ്റ
അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയതു വരെ 4600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം

1-32 വാട്ടർ അതോറിറ്റി വെള്ളക്കരം –സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നമ്പർ	3

പ്രോജക്ടിന്റെ പേര്	കേരള വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ളക്കരം അടവാക്കൽ
അടങ്കൽ	വികസനഫണ്ട് 330000
ചെലവ്	330000
ബിൽ നമ്പർ	ബിൽ നം. 2/28.4.2023-69155 32/26.5.23-69155 67/1.7.23-69155 91/26.7.23-69155 146/23.8.23-53380
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

1. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ മേൽ ബില്ലുകൾ പ്രകാരം വികസനഫ 330000/- രൂപ വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. സ.ഉ (കൈ) Dated 6.6.22 പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ട തുകകൾ തനതുഫണ്ട് / പൊതു അ എന്നിവയിൽ നിന്ന് നൽകാനാണ് നിർദ്ദേശം. വികസനഫണ്ടിൽ നിന്ന് വെള്ളക്കരം അടവാ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9 ന് പ്രസ്തുത ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും വരും വർഷങ്ങളിൽ ഉത്തരവ് പ്രകാരമുള്ള സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പ്രകാരം 57 ടാപ്പുകൾക്കാണ് വെള്ളക്കരമിനത്തിൽ തുക ഡിമാന്റ് ചെയ്തിട്ടുള്ളത്. വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9 ന് മറുപടി ലഭ്യമാക്കിയിട്ടി പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ തുടർനടപടി സ്വീകരി ചെയ്യേണ്ടതുമാണ്.

3. വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പ്രകാരം കുടിശ്ശികയിനത്തിൽ തുക അടവാക്കാൻ അവശേഷ കാണുന്നു.(ഉദാഹരണം വാട്ടർ അതോറിറ്റിയുടെ ബിൽ നം. 73560/20.4.2023 പ്രകാരം 279 കുടിശ്ശികയുണ്ട്). കുടിശ്ശികയിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതിന്റെ കാരണം ആരാ നൽകിയ ഓഡിറ്റ് എൻക്വയറി നം 9 ന് കുടിശ്ശികയിനത്തിൽ അടവാക്കേണ്ടുന്ന തുകയുടെ വി ലഭ്യമാക്കിയിരുന്നില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-33 ആശ്വാസ കിരണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 624000/-രൂപ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ	212

പ്രോജക്ടിന്റെ പേര്	ആശ്വാസ കിരണം
അടങ്കൽ	തനത് ഫണ്ട് 624000
ചെലവ്	624000
ബിൽ നമ്പർ	ചെക്ക് നം. 168427/30.10.23
നിർവ്വഹണ ഉദ്യോഗസ്ഥൻ	

തിരുവനന്തപുരം ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി ഡയാലിസിസ് ചെയ്യുന്നതിന് ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ മേൽ ചെക്ക് പ്രകാരം തുക ജില്ലാ പ കൈമാറിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം, ഗുണഭോക്താക്കളുടെ എന്നിവ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10ന് മേൽ പദ്ധതിയിൽ ഡയാലിസി നൽകിയവരുടെ വിശദാംശം ലഭ്യമാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. വിനിയോഗ ഗുണഭോക്താക്കളുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതുവരെ 6,24,000/- രൂപ തടസ്സം ചെയ്യ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-34 ബയോഡൈവേഴ്സിറ്റി രജിസ്റ്റർ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ	12
പ്രോജക്ടിന്റെ പേര്	ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ- രണ്ടാം ഭാഗം തയ്യാറാക്കൽ
അടങ്കൽ	തനത് ഫണ്ട് 4,60,000/-
ചെലവ്	8,850/-
ബിൽ നമ്പർ	ചെക്ക് നം. 001512/7.10.23- 6300 001515/10.10.23- 1050 01528/21.10.23- 1500

ബയോഡൈവേഴ്സിറ്റി രജിസ്റ്ററിന്റെ രണ്ടാം ഭാഗം തയ്യാറാക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതി നം. 001512/7.10.23 പ്രകാരം 6300/- രൂപ വയലോരം കാറ്ററിംഗ് യൂണിറ്റിനും ചെക്ക് നം 001515/10.1

1050/- രൂപ ക്ലോത്ത് ബാനർ, Writing Pad എന്നിവ തയ്യാറാക്കുന്നതിലേയ്ക്കായി Sky Lark എന്ന സ്ഥ ചെക്ക് നം. 01528/21.10.23പ്രകാരം 1500/- രൂപ ലഘു ഭക്ഷണം നൽകിയ വകയിൽ വിജയലക്ഷ്മി എ നൽകിയതായും കാണുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി രജിസ്റ്ററർ രണ്ടാംഭാഗം തയ്യാറ കാണുന്നില്ല. ലഭ്യമാക്കിയ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ 2012 ലേതാണ്. ബയോഡൈവേഴ്സിറ്റി രജ് ഭാഗം തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെ ഓഡിറ്റ് എൻക്വയറി നം. 10 ന് വിവരശേഖരണപ്രവർത്തനങ്ങളും തുടർനടപടികളും 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-35 കേരളോത്സവം- മുൻകൂർ ക്രമീകരിച്ചില്ല

ചെക്ക് നം. 001510/30.9.2023 പ്രകാരം 50000/- രൂപയും ചെക്ക് നം. 001518/12.10.23 പ്രകാരം 5000 ചെക്ക് നം. 003251/6.3.24 പ്രകാരം 39341/- രൂപയും ഉൾപ്പെടെ ആകെ 139341/-രൂപ നടത്തിപ്പിലേയ്ക്കായി മുൻകൂറായി ചന്ദ്രബാബു. ബി എന്നയാൾക്ക് നൽകിയിട്ടുണ്ട്. സെക്രട്ടറി ഉദ്യോഗസ്ഥയായ പ്രോജക്ട് നം. 6 നോടോപ്പം 138841/- രൂപയുടെ ചെലവ് രേഖകളാണ് പ ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35 ന് വ്യത്യാസം വന്ന 500/ ചെലവ് രേഖകൾ കണ്ടെത്തുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ശ്രീ ലഭ്യമാക്കിയ്ട്ടുള്ള ചെലവിന്റെ അബ്സ്ട്രാക്ടിലും 138841/- രൂപയുടെ ചെലവ് മാത്രമാണ് ക്ലെയിം അഡ്വാൻസ് രജിസ്റ്ററിൽ കേരളോത്സവത്തിന് നൽകിയ മുൻകൂറിന് സംബന്ധിച്ച് രേഖപ്പെടുത്ത തന്നെയില്ല. കേരളോത്സവത്തിനായി ആകെ മുൻകൂറായി നൽകിയ 139341/- രൂപ ക്രമീകരിച്ച ചെയ്യേണ്ടതാണ്.

1-36 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക- വിനിയോഗസാക്ഷ്യപത്രം ലഭ്യ 11,282/-രൂപ തടസ്സം ചെയ്യുന്നു.

വൌച്ചർ നം. 22300137/25.5.23 ചെക്ക് നം.915802 എന്നിവ പ്രകാരം തനത് ഫണ്ടിൽ നിന്നും നഗരൂരിൽ കേരള വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിന് 11281.80/- വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ല സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 35 ന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതു വരെ 1 തടസ്സം ചെയ്യുന്നു

1- 37 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – ആതുര സേവന പദ്ധതി- ചെലവ് രേഖക ഹാജരാക്കിയില്ല – 5620/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0043/24
പ്രോജക്ടിന്റെ പേര്	**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - ആതുര സേവന പദ്ധതി**
അടങ്കൽ	50000 (വികസന ഫണ്ട് ജനറൽ)

ചെലവ്	5620
ബിൽ നമ്പർ	23/22.05.2023- 5620
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, പി എച്ച് സി**

അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ആതുര സേവന പ്രവ നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത പദ്ധതിയാണിത്. പ്രോജക്ട് പ്രകാരം 5620/- രൂപയ്ക്ക് രാജ് മെ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. രാജേന്ദ്ര ബാബു റ്റി എസ് എന്ന വ്യക്തിക്ക നൽകിയിട്ടുണ്ട്. മരുന്ന് വിതരണം ചെയ്തതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. പ്രോജക്ടിന്റെ ചെല കുറവുണ്ടായ സാഹചര്യം, മേൽ പദ്ധതിയിലെ ഗുണഭോക്തക്കളുടെ വിശദാംശങ്ങൾ എന്നിവ ര നൽകിയ ഓഡിറ്റ് എൻക്വയറി (നം 33/23-24, 18.06.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. അതിന രേഖകൾ ഹാജരാക്കുന്നത് വരെ 5620/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 കണ്ടിജന്റ് ചെലവുകൾ: പി എച്ച് സി - 2250/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	S0043/24
പ്രോജക്ടിന്റെ പേര്	**കണ്ടിജന്റ് ചെലവുകൾ: പി എച്ച് സി**
അടങ്കൽ	100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്	89997
ബിൽ നമ്പർ	1) 11/11.05.2023 – 19017 2)24/22.05.2023 – 2867 3)50/18.06.2023 – 5123 4)64/26.06.2023 – 7083 5)89/20.07.2023 – 2430 6)108/01.08.2023 – 3343 7)163/01.09.2023 – 35053 8)278/23.11.2023 - 15081
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, പി എച്ച് സി**

നഗരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ഉപകേന്ദ്രങ്ങളുടേയും കണ്ടിജന്റ് നിർവ്വഹിക്കുന്നതിനായാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ ബിൽ നമ്പർ 1 പ്രകാര രൂപയുടെ ചെലവിൽ 4650/- രൂപ വാഹന വാടകയിനത്തിൽ നൽകിയിട്ടുള്ളതാണ്. വൌച്ചർ പരിശ 2400/- രൂപയുടെ ഒരേ ടിപ്പ് ഷീറ്റ് രണ്ട് തവണ ഉപയോഗിച്ചിരിക്കുകയാണ്. (KL 02 AW8511 വാഹനം Reading 171194-171274). ഇത്തരത്തിൽ ഒരേ ടിപ്പ് ഷീറ്റ് ഉപയോഗിച്ച് രണ്ട് തവണ തുക നൽകിയത് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 34/23-24, 18.06.2024)ക്ക് മറുപടി ലഭ

2250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഒടുക്കുകയോ ചെലവിന് ആധാരമാ ഹാജരാക്കി തടസ്സവാദം ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

1-39 ഹെൽത്ത് ആന്റ് വെൽനസ് സെന്റർ സ്ഥാപിക്കൽ 89660/- രൂപ തടസ്സപ്പെടുത്

പ്രോജക്ട് നമ്പർ	S0254/24
പ്രോജക്ടിന്റെ പേര്	**ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ സ്ഥാപിക്കൽ**
അടങ്കൽ	389000 (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	97125
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, പി എച്ച് സി**

